2023
JULY
12
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## സർക്കാർ സമ്പാദ്യ പദ്ധതികളിൽ പ്രവാസികൾക്കും നോമിനിയാകാം

**ന്യൂഡൽഹി:** പോസ്റ്റ് ഓഫിസ് നിക്ഷേപം, മുതിർന്ന പൗരന്മാർക്കുള്ള നിക്ഷേപ പദ്ധതി, പബ്ലിക് പ്രോവിഡന്റ് ഫണ്ട് അടക്കമുള്ള സർക്കാർ സമ്പാദ്യ പദ്ധതികളിൽ ഇനി നോമിനിയായി പ്രവാസി ഇന്ത്യക്കാരുടെ (എൻആർഐ) പേരും ചേർക്കാം. ഇതിനായി 2018ലെ സർക്കാർ സമ്പാദ്യ പ്രോത്സാഹന ചട്ടം ഭേദഗതി ചെയ്തു.



എൻആർഐയ്ക്ക് നോമിനിയാകാമെങ്കിലും തുക ഇന്ത്യയിൽ തന്നെ ചെലവഴിക്കണമെന്നാണ് വ്യവസ്ഥ. അതേസമയം, പ്രവാസി ഇന്ത്യക്കാർക്ക് ഈ നിക്ഷേപ പദ്ധതികളിൽ അംഗമാകാൻ കഴിയില്ല. സേവിങ്സ് ബാങ്ക് അക്കൗണ്ടിന്റെ ഉടമയുടെ പേരിൽ മാറ്റം വരുത്തുന്നതുപോലെ തന്നെ സർക്കാർ നിക്ഷേപ പദ്ധതികളിലും പേര് മാറ്റാൻ കഴിയുന്ന വ്യവസ്ഥയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പേര് മാറ്റത്തിനുള്ള ഔദ്യോഗിക രേഖ ലഭിച്ച ശേഷം വേണം അപേക്ഷിക്കാൻ.

നിലവിൽ സിംഗിൾ അക്കൗണ്ട് ജോയിന്റ് അക്കൗണ്ട് ആക്കാനോ തിരിച്ചോ സാധ്യമല്ല. എന്നാൽ ജോയിന്റ് അക്കൗണ്ടിൽ ഒരാൾ മരിച്ചാൽ ആ അക്കൗണ്ട് ഇനി സിംഗിൾ അക്കൗണ്ട് ആക്കി മാറ്റാൻ കഴിയും. അക്കൗണ്ട് ഉടമ മരണപ്പെടുമ്പോളുള്ള വ്യവസ്ഥകളിലും മാറ്റമുണ്ട്. അക്കൗണ്ടിൽ നോമിനിയില്ലാതിരിക്കുകയും, ആകെത്തുക 5 ലക്ഷം രൂപയിൽ താഴെയുമാണെങ്കിൽ, യഥാർഥ അവകാശിയായ വ്യക്തി ഫോം 11 പൂരിപ്പിച്ചു നൽകണം. മരണശേഷം 6 മാസത്തിനുള്ളിൽ വിൽപത്രമനുസരിച്ച് സ്വാഭാവിക പിന്തുടർച്ചാവകാശിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കാതിരിക്കുന്ന സാഹചര്യങ്ങളിലാണ് ഈ ഫോം നൽകേണ്ടത്. അവകാശിയായ വ്യക്തി അക്കൗണ്ട് ഉടമയുടെ മരണ സർട്ടിഫിക്കറ്റ്, ഒറിജിനൽ പാസ്ബുക്/നിക്ഷേപ രസീത്, സത്യവാങ്മൂലം തുടങ്ങിയവ നൽകണം.




## സെമികണ്ടക്ടർ ഫാക്ടറി പദ്ധതിയിൽ നിന്ന് ഫോക്സ്കോൺ പിൻമാറി

**ന്യൂഡൽഹി:** വേദാന്ത ഗ്രൂപ്പുമായി ചേർന്ന് ഗുജറാത്തിൽ രാജ്യത്തെ ആദ്യത്തെ സെമി കണ്ടക്ടർ (ഇലക്ട്രോണിക് ചിപ്) ഫാക്ടറി ആരംഭിക്കാനുള്ള പദ്ധതിയിൽ നിന്ന് പ്രമുഖ തയ്‌വാൻ കമ്പനി ഫോക്സ്കോൺ കമ്പനി പിന്മാറി. ഒരു വർഷത്തോളം ഇരുകമ്പനികളും ചേർന്നു പ്രവർത്തിച്ച ശേഷമാണ് പിന്മാറ്റം. കാരണമെന്തെന്ന് ഫോക്സ്കോൺ വ്യക്തമാക്കിയിട്ടില്ല. 1.54 ലക്ഷം കോടി രൂപയുടെ വമ്പൻ നിക്ഷേപമാണ് പദ്ധതിയിലൂടെ വരാനിരുന്നത്. ഗുജറാത്തിനു ലഭിക്കുന്ന ഏറ്റവും വലിയ നിക്ഷേപമാണിത്.

അതേസമയം, ഫോക്സ്കോണിന്റെ പിന്മാറ്റം തിരിച്ചടിയല്ലെന്നാണ് കേന്ദ്രത്തിന്റെ നിലപാട്. പങ്കാളികളായി മറ്റ് കമ്പനികളെ ഉൾപ്പെടുത്തി ഫാക്ടറി യാഥാർഥ്യമാക്കുമെന്ന് വേദാന്ത ഗ്രൂപ്പ് അറിയിച്ചു. വേദാന്തയ്ക്ക് 63%, ഫോക്സ്കോണിന് 37% എന്നിങ്ങനെയായിരുന്നു പദ്ധതിയിലെ പങ്കാളിത്തം. അഹമ്മദാബാദ് ജില്ലയിലെ 1000 ഏക്കറിലാണ് പ്ലാന്റ് വിഭാവനം ചെയ്തത്. പ്ലാന്റിൽ സെമി കണ്ടക്ടർ യൂണിറ്റ്, ഡിസ്പ്ലേ യൂണിറ്റ്, സെമി കണ്ടക്ടർ അസംബ്ലിങ്, ടെസ്റ്റിങ് യൂണിറ്റുകൾ എന്നിവയുണ്ടാകും. ഇലക്ട്രോണിക്സ്, ഓട്ടമോട്ടീവ് രംഗത്ത് അവിഭാജ്യ ഘടകമാണ് സെമികണ്ടക്ടറുകൾ.

### ജിഎസ്ടി കൗൺസിൽ യോഗം

# അപൂർവരോഗ മരുന്നുകളുടെ ഇറക്കുമതിച്ചെലവ് കുറയും

**ന്യൂഡൽഹി:** കുട്ടികളിലെ അർബുദത്തിനുള്ള 'ഡിനുറ്റിസിമാബ്' മരുന്നും 450 ഇനം അപൂർവ രോഗങ്ങൾക്കുമുള്ള മരുന്നുകളും വ്യക്തിഗത ആവശ്യത്തിനായി വിദേശത്തുനിന്നെത്തിക്കാൻ ചെലവ് കുറയും.



ഇവയുടെ ഇന്റഗ്രേറ്റഡ് ജിഎസ്ടി ഒഴിവാക്കാൻ ജിഎസ്ടി കൗൺസിൽ യോഗം തീരുമാനിച്ചതോടെ ലക്ഷക്കണക്കിനു രൂപയുടെ അധിക ചെലവാണ് ഒഴിവാകുക. ഡിനുറ്റിസിമാബ് മരുന്നിന്റെ 12% ഐജിഎസ്ടിയാണ് ഒഴിവാക്കുന്നത്.

നിലവിൽ 5 മുതൽ 12% വരെയാണ് അപൂർവ രോഗങ്ങൾക്കുള്ള മരുന്നുകളിൽ പലതിന്റെയും ഐജിഎസ്ടി. ലോകത്ത് ഏഴായിരത്തോളം അപൂർവ രോഗങ്ങളുള്ളതിൽ 450 ഇനമാണ് ഇന്ത്യയിൽ കണ്ടെത്തിയിട്ടുള്ളത്. ഹീമോഫീലിയ, തലസീമിയ, അരിവാൾ രോഗം, പോംപേ, ഗൗഷേഴ്സ്, സിസ്റ്റിക് ഫൈബ്രോസിസ്, ഹിമാംഗിയോമസ്, മസ്കുലർ ഡിസ്ട്രോഫി, തുടങ്ങിയവയാണ് ഇവയിൽ പ്രധാനം.

ഓൺലൈൻ ഗെയിമിങ്, കുതിരപ്പന്തയം, കസിനോകൾ എന്നിവയ്ക്ക് 28% നികുതി ബാധകമാകും. നിലവിൽ ഓൺലൈൻ ഗെയിമിങ്ങിന് 18 ശതമാനമാണ് നികുതി. ലോട്ടറി ഈ പരിധിയിൽപ്പെടുമെന്ന ആശങ്ക ആദ്യമുണ്ടായിരുന്നെങ്കിലും അതൊഴിവായെന്നു കേരളത്തിന്റെ ധനമന്ത്രി കെ.എൻ.ബാലഗോപാൽ പറഞ്ഞു.

സിനിമ തിയറ്ററുകളിൽ ടിക്കറ്റിനൊപ്പമല്ലാതെ ഭക്ഷണമോ പാനീയങ്ങളോ വാങ്ങുന്നതിന് ഇനി വിലകുറയും. 18% ജിഎസ്ടി ഈടാക്കിയിരുന്നത് 5 ശതമാനമായി കുറയും. ചുരുക്കത്തിൽ റസ്റ്ററന്റുകളിൽ ബാധകമാകുന്ന അതേ ജിഎസ്ടിയാകും ഇതിനും. എന്നാൽ ടിക്കറ്റിനൊപ്പമാണ് ഭക്ഷണം ബിൽ ചെയ്യുന്നതെങ്കിൽ നിലവിലെ നികുതി തുടരും.

## 5 ദിവസം: ത്രെഡ്സിൽ 10 കോടിപ്പേർ

ഇൻസ്റ്റഗ്രാമിന്റെ ട്വിറ്റർ ബദൽ ആപ്പായ ത്രെഡ്സ് പുറത്തിറങ്ങി 4 ദിവസം കഴിഞ്ഞപ്പോൾ ഉപയോക്താക്കളുടെ എണ്ണം 10 കോടി കഴിഞ്ഞു. ആദ്യമണിക്കൂറിൽ 10 ലക്ഷവും ആദ്യദിനം 3 കോടിയും ഉപയോക്താക്കളെ നേടിയ ത്രെഡ്സിന്റെ മറ്റൊരു റെക്കോർഡ് ആണിത്. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ എറ്റവുമധികം ഉപയോക്താക്കളെ നേടുന്ന ആപ്പാണ് നിലവിൽ ത്രെഡ്സ്. ഇൻസ്റ്റഗ്രാം ഉപയോക്താക്കൾക്ക് ഒറ്റ ക്ലിക്കിൽ ലോഗിൻ ചെയ്യാമെന്നതാണ് ത്രെഡ്സിന്റെ വളർച്ചയുടെ കാരണം. ഗൂഗിൾ അക്കൗണ്ടുകളുമായി ബന്ധിപ്പിച്ച് വർഷങ്ങൾക്കു മുൻപ് പുറത്തിറക്കിയ ഗൂഗിൾ പ്ലസും സമാനമായ വളർച്ചയായിരുന്നു നേടിയത്. 2015ൽ 250 കോടി അംഗങ്ങൾ ഉണ്ടായിരുന്ന ഗൂഗിൾ പ്ലസ് ആരും ഉപയോഗിക്കാത്തതിനെ തുടർന്ന് 2019ൽ അടച്ചുപൂട്ടി.





# പാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്ത സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കും

**പത്തനംതിട്ട:** പാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്ത സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്ന് മൃഗ സംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി പറഞ്ഞു. പത്തനംതിട്ട ഡയറിയിൽ മിൽമ നെയ്യ് കയറ്റുമതി ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.കേരളത്തിൽ മിൽമയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടുകൂടി മുന്നോട്ട് പോകുകയാണ്. ഏറ്റവും നല്ല ഗുണനിലവാരമുള്ള പാൽ ഉൽപാദിപ്പിക്കപ്പെടുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ഇവിടെ ഉൽപാദിപ്പിക്കുന്ന നെയ്യ് വിദേശ രാജ്യങ്ങളിലേക്ക് വിപണനം ചെയ്യുന്നതിലൂടെ കേരളം കണി കണ്ടുണരുന്ന നന്മ ഇനി വിദേശരാജ്യങ്ങളിലേക്കും വ്യാപിക്കുമെന്നും അതിലൂടെ കേരളത്തിന് വരുമാനം ലഭിക്കുമെന്നും മന്ത്രി പറഞ്ഞു.

മിൽമ തിരുവനന്തപുരം മേഖലയുടെ കീഴിൽ പ്രവർത്തിക്കുന്ന പത്തനംതിട്ട ഡയറി ഓരോ ദിവസവും വികസനപരമായ നേട്ടങ്ങൾ കൈവരിക്കുകയാണ്. അതിനായി ക്ഷീര വികസന വകുപ്പും മൃഗ സംരക്ഷണ വകുപ്പും മുൻകൈയെടുത്ത് നിരവധി പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. ഒട്ടേറെ പശുക്കളെ കേരളത്തിലേക്ക് കൊണ്ടുവരികയും നിരവധി പശുകുട്ടികളെ ഉത്പാദിപ്പിക്കുകയും ചെയ്യാൻ കഴിയുന്ന ബ്രഹത്തായ പദ്ധതികൾ കൊണ്ടുവരുന്നുണ്ട്. ക്ഷീരസംഘങ്ങളിൽ നിന്നും ക്ഷീര കർഷകർക്ക് ലോൺ സൗകര്യ സംവിധാനം ലഭ്യമാക്കുന്നത് ഉൾപ്പെടെ മിൽമയുടെ 80 ശതമാനം ലാഭവും ക്ഷീര കർഷകർക്ക് ഉള്ള ആനുകൂല്യങ്ങൾക്കായാണ് വിനിയോഗിക്കുന്നത്. ക്ഷീരകർഷകരിൽ ഓരോ കുടുംബങ്ങൾക്കും സബ്സിഡിയിൽ പശുക്കളെ വിതരണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു. കാലിതീറ്റയിലും സബ്സിഡി ഉൾപ്പെടുത്തി ക്ഷീരകർഷകർക്ക് മിൽമ നൽകുന്നുണ്ട്. ആശുപത്രികളിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കുന്ന തരത്തിൽ സംവിധാനങ്ങൾ ഒരുക്കാനുള്ള ക്രമീകരണങ്ങൾ സർക്കാർ തലത്തിൽ ആരംഭിച്ചിട്ടുണ്ട്. ഡോക്ടറുടെ സഹായം ലഭ്യമാക്കാൻ തിരുവനന്തപുരത്ത് ഒരു കോൾ സെന്റർ തുടങ്ങിയിട്ടുള്ളതായും മന്ത്രി പറഞ്ഞു.

ക്ഷീര കർഷകർക്ക് ആശ്വാസകരമാകുന്ന നിരവധി പദ്ധതികളാണ് സർക്കാർ നടപ്പാക്കി വരുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ചു സംസാരിച്ച അഡ്വ. കെ.യു. ജനീഷ് കുമാർ എംഎൽഎ പറഞ്ഞു. മന്ത്രി ചിഞ്ചു റാണിയുടെ നേതൃത്വത്തിൽ ക്ഷീരവികസന വകുപ്പിന് വികസന മുന്നേറ്റം കൈവരിക്കാൻ സാധിച്ചതായും എംഎൽഎ പറഞ്ഞു.

ടിആർസിഎംപിയു മാനേജിംഗ് ഡയറക്ടർ ഡി.എസ്. കോണ്ട റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ, തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനർ എൻ. ഭാസുരാംഗൻ, കോന്നി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് നീതു ചാർളി, വള്ളിക്കോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആർ. മോഹനൻ നായർ, വൈസ് പ്രസിഡന്റ് സോജി പി ജോൺ, അംഗങ്ങളായ കെ.ആർ. മോഹനൻ പിള്ള, വി.എസ്. പത്മകുമാർ, കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ചെയർമാൻ കെ.എസ്. മണി, മാനേജിംഗ് ഡയറക്ടർ ആസിഫ്. കെ. യൂസഫ്, മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് ഡയറക്ടർ ഡോ. സി.പി. അനന്തകൃഷ്ണൻ, ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ബെറ്റി ജോഷ്വാ, സിഐടിയു ജനറൽ സെക്രട്ടറി വി.വി. ഹരികുമാർ, എഐടിയുസി ജനറൽ സെക്രട്ടറി ബി. സന്തോഷ് കുമാർ, ഐഎൻടിയുസി ജനറൽ സെക്രട്ടറി പി. സത്യപാലൻ, പത്തനംതിട്ട ഡയറി സീനിയർ മാനേജർ ആർ.കെ. സാമുവൽ, ത്രിതല പഞ്ചായത്ത് ഭാരവാഹികൾ, മിൽമ ഭരണ സമിതി അംഗങ്ങൾ, ജനപ്രതിനിധികൾ, സഹകാരികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ചിമ്മിനിയിൽ പുതിയ ഇക്കോ ടൂറിസം പദ്ധതിക്ക് വനംവകുപ്പിന്റെ പച്ചക്കൊടി

**പാലപ്പിള്ളി:** ചിമ്മിനിയിൽ പുതിയ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കാൻ വനം വകുപ്പിന്റെ അനുമതി ലഭിച്ചതായി കെ. കെ. രാമചന്ദ്രൻ എംഎൽഎ അറിയിച്ചു. എംഎൽഎയുടെ നേതൃത്വത്തിൽ ചിമ്മിനി വന്യജീവി സങ്കേതത്തിന്റെ ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി സമർപ്പിച്ച പദ്ധതി നടപ്പാക്കുന്നതിനാണ് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ളത്.

ചിമ്മിനിയിൽ താമസ സൗകര്യം, ശുചിമുറി സൗകര്യങ്ങൾ, കഫെറ്റീരിയ, ബോട്ടിങ്, ടെൻഡ് ക്യാംപിങ് ഗാർഡൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി ഇക്കോ ടൂറിസം വകുപ്പിന് കൈമാറി ഫണ്ട് ലഭ്യമാക്കി 2 ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കാനാണ് ശ്രമിക്കുന്നതെന്ന് എംഎൽഎ അറിയിച്ചു. പീച്ചി വൈൽഡ് ലൈഫ് വാർഡനാണ് പദ്ധതിയുടെ നടത്തിപ്പ് ചുമതല.

## കർക്കിടക വാവ്: ഖാദി തുണിത്തരങ്ങൾക്ക് സ്പെഷ്യൽ റിബേറ്റ്

**തൃശൂർ:** കർക്കിടക വാവിനോടനുബന്ധിച്ച് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ജൂലൈ 12 മുതൽ 15 വരെ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വില്പനയ്ക്ക് 30% സ്പെഷ്യൽ റിബേറ്റ് അനുവദിച്ചു.

ബോർഡിന്റെ ഖാദി ഗ്രാമ സൗഭാഗ്യ ശ്രീ വടക്കുംനാഥൻ ഷോപ്പിംഗ് കോംപ്ലക്സ് വടക്കേ ബസ്സ്സ്റ്റാന്റിന് സമീപം, ഖാദി ഗ്രാമ സൗഭാഗ്യ പാലസ് റോഡ്, ഖാദി ഗ്രാമ സൗഭാഗ്യ ഒളരിക്കര എന്നിവിടങ്ങളിലും പാവറട്ടി, കേച്ചേരി എന്നിവിടങ്ങളിലെ ഖാദി സൗഭാഗ്യകളിലും ജില്ലയിലെ വിവിധ ഗ്രാമശില്പകളിലും ഖാദി കോട്ടൺ, സിൽക്ക്, സ്പൺ സിൽക്ക് തുണിത്തരങ്ങളുടെ വില്പനയ്ക്ക് റിബേറ്റ് ലഭിക്കും.ജില്ലയിലെ ഗ്രാമവ്യവസായ യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന കോട്ടൺ കിടക്കകൾ, തേൻ, എള്ളെണ്ണ, സോപ്പ് ഉൽപ്പന്നങ്ങൾ, കരകൗശലവസ്തുക്കൾ തുടങ്ങിയ ഗ്രാമവ്യവസായ ഉൽപ്പന്നങ്ങളും ഇവിടെ ലഭ്യമാണ്. സർക്കാർ അർദ്ധ സർക്കാർ ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യമുണ്ടാകും. ഫോൺ.04872338699.

## വനിതാ ശിശു വികസന വകുപ്പിന്റെ ലക്ഷ്യം തുല്യനീതി

**ആലപ്പുഴ :** കേന്ദ്ര പദ്ധതിയായ 'ബേഠി ബച്ചാവോ ബേഠി പഠാവോ ' പദ്ധതിയുടെ ഭാഗമായി ജില്ലയിലെ അധ്യാപകർക്കായുള്ള പരിശീലന പരിപാടി ആലപ്പുഴ സെന്റ് ജോസഫ് സ്കൂൾ ആഡിറ്റോറിയത്തിൽ നടന്നു. ജില്ലാ വനിത ശിശുവികസന ഓഫീസർ എൽ. ഷീബ ഉദ്ഘാടനം ചെയ്തു. പദ്ധതിയുടെ ഭാഗമായി ജില്ലയിലെ അധ്യാപകർക്ക് കൗമാരവും സോഷ്യൽ മീഡിയയും, സൈബർ ക്രൈംസ്, ഡ്രഗ്സ് ആന്റ് സ്റ്റുഡൻസ്, ലിംഗ സമത്വം, കൗമാരപ്രായക്കാരുടെ പ്രശ്നങ്ങൾ പരിഹാരങ്ങൾ എന്നീ വിഷയങ്ങളാണ് പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിവിധ സെഷനുകളിൽ ബിജു മാവേലിക്കര, ജില്ലാ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ സൗമ ആർ ക്ലാസ്സുകൾ എടുത്തു.

## ദേശീയ മത്സ്യ കർഷക ദിനാചരണം സംഘടിപ്പിച്ചു

**കൊല്ലം:** ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ തേവള്ളി അവയർനെസ് സെന്ററിൽ നടന്ന പരിപാടികളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഗോപൻ നിർവഹിച്ചു . കൊല്ലം കോർപ്പറേഷൻ കൗൺസിലർ ബി ഷൈലജ അധ്യക്ഷയായി. കേന്ദ്ര ഫിഷറീസ് മന്ത്രാലയം സംഘടിപ്പിച്ച പരിപാടിയിൽ കേന്ദ്രമന്ത്രി പർഷോത്തം രൂപാല പങ്കെടുത്ത സമ്മർ മീറ്റ് 2023 സ്റ്റാർട്ട് അപ്പ് കോൺക്ലേവ് പ്രദർശിപ്പിച്ചു. പരിപാടിയോടനുബന്ധിച്ച് 'മത്സ്യകൃഷി വെല്ലുവിളികളും സാധ്യതകളും' വിഷയത്തിൽ അഡാക് റീജിയണൽ എക്സിക്യൂട്ടീവ് പ്രിൻസ് എസ് ക്ലാസ് നയിച്ചു.

മത്സ്യ കർഷക ദിനാചരണത്തിന്റെ ഭാഗമായി തേവള്ളി അവയർനസ് സെന്ററിലും മൺട്രോത്തുരുത്ത് പഞ്ചായത്തിലെ നെന്മേനിയിലും പരിപാടികൾ സംഘടിപ്പിച്ചു. നെന്മേനിയിൽ നടന്ന പരിപാടികൾ ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജയദേവി മോഹൻ ഉദ്ഘാടനം ചെയ്തു.

# മഴ മാറിയെങ്കിലും ദുരിതം മാറാതെ നെൽക്കർഷകർ

**കുമരകം:** മഴ മാറി വെള്ളം താഴ്ന്നുതുടങ്ങിയെങ്കിലും നെൽക്കർഷകരുടെ പ്രതിസന്ധി മാറുന്നില്ല. പ!ടിഞ്ഞാറൻ മേഖലയിലെ നൂറുകണക്കിന് ഏക്കർ സ്ഥലത്തെ നെൽക്കൃഷിയാണു വെള്ളം കയറി നശിച്ചത്. വിതയ്ക്കു വേണ്ടി വറ്റിച്ച പാടശേഖരങ്ങളിൽ വെള്ളം നിറഞ്ഞതോടെ വിത നടത്താൻ കഴിയാതെ നെൽവിത്ത് നശിക്കുകയും ചെയ്തു. വൈദ്യുതി മുടക്കം പതിവായതിനാൽ തുടരെ പമ്പിങ് നടത്തി പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കാൻ കഴിയാതെ വരുന്നതായി കർഷകർ പറയുന്നു. 360 ഏക്കറുള്ള ചെങ്ങളം മാടപ്പള്ളിക്കാട് കേളക്കരി പാടശേഖരത്തെ കർഷകർ വിതയ്ക്കു വേണ്ടി വിത്ത് തയാറാക്കി വച്ചപ്പോഴാണു വെള്ളപ്പൊക്കത്തിൽ പാടശേഖരത്തു വെള്ളം നിറഞ്ഞത്. ഇതോടെ വിത നടക്കാതെ വന്നു. കഴിഞ്ഞ ഒരാഴ്ചയായി വിത്ത് ചാക്കിൽ ഇരിക്കുകയായിരുന്നു.



ഈർപ്പവും ആവിയുമടിച്ച് നെൽവിത്തു നശിക്കുന്ന ഘട്ടത്തിലെത്തി. ഇന്നലെ അൽപം വെയിൽ തെളിഞ്ഞപ്പോൾ ചാക്കിലെ നെൽവിത്ത് എടുത്തു കുമരകം റോഡരികിൽ പടുതയിട്ട് അതിൽ നിരത്തി ഉണക്കുകയാണു പല കർഷകരും. നെൽവിത്ത് പകുതിയിലേറെയും നശിച്ചു. ബാക്കിയുള്ളവ രക്ഷിച്ചെടുക്കാനുള്ള ശ്രമത്തിലാണു കർഷകർ. പുരയിടങ്ങളിലെല്ലാം വെള്ളവും ഈർപ്പവും ആയതിനാലാണു കർഷകർ കുമരകം റോഡരികിലെത്തി വിത്ത് ഉണങ്ങുന്നത്. കുമരകം വാരിക്കാട്ട് പാടശേഖരത്തെ പെട്ടിയും പറയും വെള്ളത്തള്ളലിൽ ഒഴുകിപ്പോയതോടെ വിതയ്ക്ക് ഒരുക്കിയിട്ടയിടം വെള്ളത്തിലായി.

മോട്ടർത്തറയുടെ കൽക്കെട്ട് തകർന്നതോടെ പെട്ടിയും പറയും പുനഃസ്ഥാപിക്കാനും കഴിയാതായി. 2 മോട്ടർത്തറകളാണു പാടശേഖരത്തിനുള്ളത്. ഇതിൽ മുട്ടുമ്പുറം മോട്ടർത്തറയാണു തകർന്നത്. 3 ലക്ഷം രൂപയെങ്കിലും ഉണ്ടെങ്കിൽ മാത്രമേ തറ നന്നാക്കി കൃഷിയിറക്കാൻ കഴിയൂ എന്നു പാടശേഖരസമിതി ഭാരവാഹി എം.വി. സന്തോഷ് പറഞ്ഞു. കൃഷി വകുപ്പ് അടിയന്തരമായി ഈ തുക നൽകിയില്ലെങ്കിൽ പാടശേഖരത്തെ കൃഷി മുടങ്ങുന്ന സ്ഥിതിയുണ്ടാകും. തണ്ണീർമുക്കം ബണ്ട് തുറന്നിട്ടും വെള്ളപ്പൊക്കം വന്നിട്ടും വാരിക്കാട്ട് ഭാഗത്തെ തോട്ടിലെ പോള മാറിയിട്ടില്ല. കർഷകർക്കു വള്ളത്തിൽ പാടശേഖരത്ത് എത്താനും കഴിയുന്നില്ല.

# ഒരു കിലോ ഏത്തപ്പഴത്തിന് 100 രൂപ വരെ വില; ഓണത്തിന് കരുതലേകാൻ കർഷകർ

**ഏനാത്ത്:** മഴ ശക്തമാണെങ്കിലും കാറ്റ് വഴിമാറി പോയ ആശ്വാസത്തിലാണ് ഏത്തവാഴ കർഷകർ. മണ്ണടി, താഴത്ത്, പുന്നക്കാട്, വെട്ടുവയൽ, നിലമേൽ, മാഞ്ഞാലി, അന്തിച്ചിറ തുടങ്ങി വിവിധ ഏലാകളിൽ വാഴക്കൃഷിയുണ്ട്. ഒറ്റപ്പെട്ട നിലയിൽ കൃഷിനാശം നേരിട്ടെങ്കിലും ഓണത്തിനു വിളവെടുപ്പു നടത്താൻ പാകമാക്കുന്ന വാഴക്കൃഷിയെ കാറ്റിൽ നിന്നുകരുതാനുള്ള ശ്രമത്തിലാണു കർഷകർ. ഇപ്പോൾ വിളവെടുക്കാൻ നാടനില്ലാത്ത അവസ്ഥയാണ്. ഇക്കുറി കാലാവസ്ഥ പ്രതികൂലമായത് ഉൽപാദനത്തെ ബാധിച്ചു. ഇപ്പോൾ വിളവെടുക്കേണ്ടവ നേരത്തെ കാറ്റിൽ നശിച്ചു. ശേഷിക്കുന്ന കൃഷി ഓണ വിപണിയെ ലക്ഷ്യമിട്ട് പരിപാലിക്കുകയാണു കർഷകർ ഇപ്പോൾ ഗ്രാമപ്രദേശങ്ങളിലും ഒരു കിലോ ഏത്തപ്പഴത്തിന് 100 രൂപ വരെ വിലയുണ്ട്.



80 മുതൽ 90 രൂപ വരെയാണ് ഒരു കിലോ പച്ച ഏത്തക്കായുടെ വില.നാടന്റെ വിളവെടുപ്പു വിരളമായതോടെ മറുനാടൻ സുലഭമായി എത്തുന്നുണ്ട്. വി എഫ് പി സി കെയുടെ കീഴിലുള്ള സ്വാശ്രയ കർഷക വിപണിയിൽ 85 രൂപ വരെ ലേലം ഉറപ്പിച്ചാണു കർഷകരിൽ നിന്ന് ഏത്തക്കുല ഏറ്റെടുക്കുന്നത്. വാഴ ഒന്നിന് 200 മുതൽ 300 രൂപ വരെ ചെലവിട്ടാണ് വിളവെടുപ്പിന് പാകമാക്കുന്നതെന്നും കൃഷി നാശവും വില ഉയരുന്ന സമയത്ത് ഉൽപാദനം കുറയുന്നതും തിരിച്ചടിയാണെന്നും കർഷകർ പറയുന്നു.

ഒരു കിലോ ഏത്തക്കായുടെ വില 40 രൂപയിൽ താഴില്ലെന്ന ആശ്വാസമാണു കർഷകരെ കൃഷിക്കു പ്രേരിപ്പിക്കുന്നത്.

കീടബാധയും ഉയർന്ന പരിപാലന ചെലവും കാരണം മറ്റ് പച്ചക്കറിക്കൃഷികൾ ഉപേക്ഷിച്ച് മിക്ക കർഷകരും ഏത്തവാഴക്കൃഷിയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. എന്നാൽ കൃഷി നാശവും ചില സമയങ്ങളിലെ വിലയിടിവും കർഷകരെ തളർത്തുന്നു

## അമിതവില ഈടാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വലിയ അന്തരം പലയിടത്തും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞത്.

എല്ലാ വ്യാപാര സ്ഥാപനങ്ങളുടെ മുന്നിലും വിലവിവര പട്ടിക നിർബന്ധമായും പ്രദർശിപ്പിക്കണം. കാര്യക്ഷമമായ ഇടപെടലിലൂടെ വില പിടിച്ചുനിർത്താൻ വകുപ്പുകൾ കൂട്ടായ പ്രവർത്തനം നടത്തണം. ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധന കർശനമാക്കണം. പൂഴ്ത്തിവയ്പ്പ് പൂർണ്ണമായും ഒഴിവാക്കാനാവണം. ജില്ലയിലെ പ്രധാന മാർക്കറ്റുകളിൽ കളക്ടറുടെ നേതൃത്വത്തിലുള്ള ടീം നേരിട്ട് പരിശോധന നടത്തണം. പോലീസിന്റെ ഇടപെടലും ഉണ്ടാകണം. നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്തുന്നതിൽ ഹോർട്ടികോർപ്പും കൺസ്യൂമർഫെഡും സിവിൽസപ്ലൈസും വിപണിയിൽ കാര്യക്ഷമമായി ഇടപെടണം. സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ ഓണക്കാലത്തേക്കുള്ള മാർക്കറ്റുകൾ നേരത്തെ ആരംഭിക്കണം.

ഗുണനിലവാര പരിശോധന എല്ലാ സ്ഥലങ്ങളിലും നടത്തണം. ഒരേ ഇനത്തിനു തന്നെ വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്ന വിലയിലെ അന്തരം വ്യാപാരസമൂഹവുമായി ജില്ലാകളക്ടർമാർ ചർച്ച ചെയ്ത് പരിഹാരം കാണണം. ഏറ്റക്കുറച്ചിലുകൾ പരിഹരിച്ച് ഒരേവില കൊണ്ടുവരാൻ ശ്രമിക്കണം. നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം ആഴ്ചയിൽ ഒരു തവണയെങ്കിലും ജില്ലാകളക്ടർമാർ അവലോകനം ചെയ്യണം. മുഖ്യമന്ത്രി നിർദ്ദേശിച്ചു.

# തകർന്നടിഞ്ഞു കാർഷിക മേഖല; നഷ്ടപരിഹാരം വൈകും

**പത്തനംതിട്ട:** കാലവർഷക്കെടുതിയിൽ കൃഷിനാശമുണ്ടായ കർഷകർക്കു സഹായം നൽകാൻ വിവരങ്ങൾ സമയബന്ധിതമായി ശേഖരിക്കുന്നുണ്ടെങ്കിലും നഷ്ടപരിഹാരം വൈകും. വിള ഇൻഷ്വറൻസ് പദ്ധതി അടക്കം നിലച്ചിരിക്കുന്ന സാഹചര്യത്തിലാണ് ഇത്തവണത്തെ നഷ്ടപരിഹാരം വൈകുന്നത്. വിള ഇൻഷ്വറൻസിൽ അംഗങ്ങളല്ലാത്തവരാണ് ഏറെപ്പേരും. ഇവർക്കുള്ള സഹായവും ലഭിക്കാൻ വൈകുമെന്നാണ് സൂചന. ഓണവിപണി ലക്ഷ്യമിട്ടു വിളവിറക്കിയ കർഷകർക്കാണ് നഷ്ടം ഏറെയും.

വസ്തു പാട്ടത്തിനെടുത്തും ബാങ്ക് വായ്പയെടുത്തും കൃഷി നടത്തിയവർക്ക് ഇനിയുള്ള പ്രതീക്ഷ സർക്കാരിൽനിന്നുള്ള നഷ്ടപരിഹാരമാണ്. ഇതിൽത്തന്നെ വിള ഇൻഷ്വറൻസ് പരിധിയിലുള്ളവർ നാമമാത്രമാണ്. പാട്ടത്തിനെടുത്തു കൃഷി നടത്തിയവർക്ക് ഇൻഷ്വറൻസ് പരിരക്ഷയും ഇല്ല. കൃഷിവകുപ്പ് നൽകുന്ന പ്രകൃതിക്ഷോഭം ദുരിതാശ്വാസം ലഭിക്കാനും കടമ്പകൾ ഏറെയാണ്. ഇത്തവണ ഇതിനുള്ള നടപടിക്രമങ്ങളും ഓൺലൈൻ മുഖേനയാണ്.

വാഴ, തെങ്ങ്, പച്ചക്കറികൾ, മരച്ചീനി, കുരുമുളക്, ഇഞ്ചി, റബർ, കശുമാവ്, കമുക് കിഴങ്ങു വർഗങ്ങൾ തുടങ്ങി 27 ഇനങ്ങൾക്കാണ് വിള ഇൻഷ്വറൻസ് ഉള്ളത്. കാറ്റിലും മഴയിലും വൻ നഷ്ടമാണ് കർഷകർക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതിലുണ്ടാകുന്ന നഷ്ടത്തിന് ഒരുപരിധിവരെ ആശ്വാസമേകുന്നത് വിള ഇൻഷ്വറൻസാണ്. പദ്ധതി പ്രകാരം കുലച്ച ഒരു വാഴയ്ക്ക് 300 രൂപയും കുലയ്ക്കാത്ത വാഴയ്ക്ക് 150 രൂപയും ലഭിക്കും. എന്നാൽ, വിള പൂർണമായി നശിച്ചില്ലെങ്കിൽ സഹായം ലഭിക്കില്ല. ഇൻഷ്വറൻസ് പരിധിയിൽ ഇല്ലാത്തവർക്കു പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട ചെറിയ സഹായമാണ് ലഭിക്കുന്നത്.പത്തനംതിട്ട ജില്ലയിൽ വളരെ കുറച്ചു കർഷകർ മാത്രമേ വിള ഇൻഷ്വറൻസ് പരിധിയിലുള്ളൂ. 12,051 പേരാണ് കഴിഞ്ഞ സാമ്പത്തിക വർഷം രജിസ്റ്റർ ചെയ്തിരുന്നത്. ഇതിൽത്തന്നെ ഇൻഷ്വറൻസ് ക്ലെയിം ചെയ്തത് 1,832 പേരാണ്. 1,70,571 കർഷകർ ജില്ലയിലുണ്ടെന്നാണ് കൃഷി വകുപ്പിൻറെ കണക്ക്. അങ്ങനെ വരുമ്പോൾ ഏഴു ശതമാനം കർഷകർ മാത്രമേ വിള ഇൻഷ്വറൻസ് എടുത്തിട്ടുള്ളൂ.



നെല്ലിന് ഒരു സെൻററിന് ഒരു രൂപയാണ് ഇൻഷ്വറൻസ് തുക. വാഴയ്ക്ക് ഒന്നിന് മൂന്നു രൂപ അടയ്ക്കണം. ഓരോ കൃഷിയും ഇറക്കി നിശ്ചിത കാലയളവിനുള്ളിൽ ഇൻഷ്വർ ചെയ്തിരിക്കണം. ഓൺലൈനിലൂടെയാണ് ഇപ്പോൾ രജിസ്ട്രേഷൻ നടപടി. പച്ചക്കറികൾ നട്ട് ഒരാഴ്ചയ്ക്കും ഒരു മാസത്തിനുള്ളിലുമാണ് രജിസ്റ്റർ ചെയ്യേണ്ടത്. വിളകളിലെ വ്യത്യാസവും കൃഷിയിടങ്ങളുടെ വിസ്തീർണവും അനുസരിച്ചാണ് ഇൻഷ്വർ തുക നിശ്ചയിക്കുക.

വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം കഴിഞ്ഞ ഒരു വർഷമായി നഷ്ടപരിഹാരം ലഭിക്കുന്നില്ല. ധനവകുപ്പിൽനിന്നാണ് തുക അനുവദിക്കേണ്ടത്.

പണം കൃഷിവകുപ്പിൽ ലഭ്യമാകുന്ന മുറയ്ക്കാണ് സഹായം നൽകുന്നത്.ധനവകുപ്പ് അനുവദിക്കുന്ന തുക കൃഷി ഡയറക്ടറേറ്റ് മുഖേന കർഷകൻറെ അക്കൗണ്ടിലേക്ക് നേരിട്ടാണ് അയയ്ക്കുന്നത്.

## ദർഘാസുകൾ ക്ഷണിച്ചു

**കോഴിക്കോട്:** വടകര ഐ.സി.ഡി.എസ് സി.ഡി.പി.ഒ യുടെ കാര്യാലയത്തിനു കീഴിലെ 124 അങ്കണവാടികളിലേക്ക്, 202223 സാമ്പത്തിക വർഷത്തെ അങ്കണവാടി പ്രീസ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ദർഘാസുകൾ ക്ഷണിച്ചു. പ്രവർത്തി ദിവസങ്ങളിൽ വടകര ശിശു വികസന പദ്ധതി ഓഫീസറുടെ കാര്യാലയവുമായി ബന്ധപ്പെടവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 0496 2501822

## സ്പോട്ട് അഡ്മിഷൻ

**കണ്ണൂർ:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജിയിൽ നടത്തിവരുന്ന എ ഐ സി ടി ഇ അംഗീകാരമുള്ള ത്രിവത്സര ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ കോഴ്സിന് ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ജൂലൈ19ന് രാവിലെ 10ന് ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസിൽ നടക്കും. നിലവിൽ അപേക്ഷിക്കാത്തവർക്കും ഇന്റർവ്യൂവിൽ പങ്കെടുക്കാം. എസ്.എസ്.എൽ.സി അഥവാ തത്തുല്യ പരീക്ഷയിൽ ഇംഗ്ലീഷ് ഒരു വിഷയമായി പഠിച്ച് പാസ്സായവർ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, നേറ്റീവിറ്റി കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റുകൾ എന്നിവയുടെ ഒറിജിനൽ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. പ്രായം 2023 ജൂലൈ ഒന്നിന് 15 വയസ്സിനും 23 വയസ്സിനും മധ്യേ. കൂടുതൽ വിവരങ്ങൾക്ക് : 0497 2835390, 0497 2965390

## പോത്ത് വളർത്തൽ പരിശീലനം

**മലമ്പുഴ:** സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ ജൂലൈ 14ന് രാവിലെ 10 മണി മുതൽ അഞ്ച് മണി വരെ പോത്ത് വളർത്തലിൽ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491 2815454 എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരണം.

## ദർഘാസുകൾ ക്ഷണിച്ചു

**കോഴിക്കോട്:** തൂണേരി ശിശു വികസന പദ്ധതി ഓഫീസറുടെ കീഴിലെ 194 അങ്കണവാടികളിലേക്ക് 2022 23 സാമ്പത്തികവർഷത്തെ പ്രീ സ്കൂൾ കിറ്റ് വാങ്ങി അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിന് വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ദർഘാസുകൾ ക്ഷണിച്ചു. ദർഘാസുകൾ സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾക്ക് സിവിൽ സ്റ്റേഷനിലുള്ള ശിശു വികസന പദ്ധതി ഓഫീസറുടെ കാര്യാലവുമായി പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടാം. ഫോൺ : 7025174038

## അപ്രന്റീസ് നിയമനം

**കോഴിക്കോട്:** വിവിധ ഗവ/എയ്ഡഡ് കോളേജുകളിലേക്കായി സൈക്കോളജി അപ്രന്റീസുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. സൈക്കോളജിയിൽ റെഗുലർ ബിരുദാനന്തര ബിരുദമാണ് യോഗ്യത. ക്ലിനിക്കൽ സൈക്കോളജി, പ്രവർത്തി പരിചയം എന്നിവ അഭിലക്ഷണീയം. യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 14ന് രാവിലെ 11 മണിക്ക് തലശേരി ഗവ. ബ്രണ്ണൻ കോളേജിൽ അഭിമുഖത്തിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് : 0490 2346027

## ഐ. ടി. ഐ പ്രവേശനം

**പത്തനംതിട്ട:**പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള കാഞ്ഞിരംകുളം, നെടുമങ്ങാട് പേരുമല ഗവൺമെന്റ് ഐ.ടി.ഐകളിൽ പ്ലംബർ ട്രേഡിലേക്ക് ഓൺലൈനായി അപേക്ഷിക്കാം. ഒരു വർഷമാണ് കോഴ്സ് കാലാവധി.

താത്പര്യമുള്ള വിദ്യാർത്ഥികൾ ജൂലൈ 27നകം scdditiadmission.kerala.gov.in മുഖേന അപേക്ഷ സമർപ്പിക്കണം. പ്രവേശനം നേടുന്നവർക്ക് ഉച്ചഭക്ഷണം, മുട്ടയും പാലും, യൂണിഫോം അലവൻസ് , സ്റ്റഡി ടൂർ അലവൻസ്, പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, എന്നിവ ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് കാഞ്ഞിരംകുളം ഐ.ടി.ഐ 9605235311.

## കെൽട്രോൺ ജേണലിസം പഠനത്തിന് അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ നടത്തുന്ന ഒരു വർഷത്തെ മാദ്ധ്യമ പഠന ബിരുദാനന്തര ബിരുദ ഡിപ്ലോമയുടെ 202324 ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രിന്റ് മീഡിയ ജേണലിസം, ടെലിവിഷൻ ജേണലിസം, സോഷ്യൽ മീഡിയ, മൊബൈൽ ജേണലിസം, ഡാറ്റാ ജേണലിസം, ആങ്കറിങ്, ന്യൂസ് ക്യാമറ, വീഡിയോ എഡിറ്റിംഗ് തുടങ്ങിയവയിലാണ് പരിശീലനം ലഭിക്കുക. വിജയകരമായി കോഴ്സ് പരിശീലനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് നിബന്ധനകൾക്ക് വിധേയമായി ഇന്റേൺഷിപ്പോ പ്ലേസ്മെന്റ് അസ്സിസ്റ്റൻസോ ലഭിക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി 30 വയസ്. അപേക്ഷകൾ ജൂലൈ 20നകം കോഴിക്കോട് കെൽട്രോൺ നോളജ് സെൻ്ററിൽ ലഭിക്കണം.

അപേക്ഷാ ഫോമിനും വിശദവിവരങ്ങൾക്കും: 9544958182. വിലാസം: കെൽട്രോൺ നോളേജ് സെന്റർ 3ൃറ ഫ്ലോർ, അംബേദ്ക്കർ ബിൽഡിങ്ങ് റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ്, കോഴിക്കോട് 673002.

## പ്രോജക്ട് അസിസ്റ്റന്റ് താത്കാലിക നിയമനം

**തൃശൂർ:** മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ 'ഇ ഗ്രാമസ്വരാജ്' പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള പ്രോജക്ട് അസിസ്റ്റന്റിന്റെ ഒരു ഒഴിവിലേക്ക് താല്കാലികമായി നിയമിക്കുന്നു. യോഗ്യത സംസ്ഥാന സാങ്കേതിക പരീക്ഷാ കൺട്രോളർ, സാങ്കേതിക വിദ്യാഭ്യാസ ബോർഡ് നടത്തുന്ന മൂന്ന് വർഷത്തെ ഡിപ്ലോമ ഇൻ കമേഴ്സ്യൽ പ്രാക്ടീസ്, ഡിപ്ലോമ ഇൻ കംപ്യൂട്ടർ അപ്ലിക്കേഷൻ ആന്റ് ബിസിനസ്സ് മാനേജ്മെന്റ് പാസ്സായിരിക്കണം അല്ലെങ്കിൽ കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള ബിരുദവും ഒപ്പം ഒരു വർഷത്തിൽ കുറയാതെയുള അംഗീകൃത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ അപ്ലിക്കേഷനോ, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനോ പാസ്സാകണം.

പ്രായപരിധി 2021 ജനുവരി ഒന്നിന് 18 നും 30നും ഇടയിലാകണം. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മൂന്ന് വർഷത്തെ ഇളവ് അനുവദിക്കും. അപേക്ഷകൾ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ സഹിതം പ്രവൃത്തി ദിവസങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സ്വീകരിക്കും.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 18ന് വൈകീട്ട് അഞ്ച് വരെ. കൂടുതൽ വിവരങ്ങൾക്ക് 0487 2262473, 8281040586.



# വാഴയ്ക്ക് ഇലകരിച്ചിൽ രോഗം; കർഷകർ ദുരിതത്തിൽ

**പനമരം:** വാഴയ്ക്ക് ഇലകരിച്ചിൽ രോഗം വ്യാപകമാകുന്നതു കർഷകരെ പ്രതിസന്ധിയിലാക്കുന്നു. മഴക്കാലം ആരംഭിച്ചതോടെയാണ് നേന്ത്രൻ, പൂവൻ അടക്കമുള്ള വാഴകളിൽ ഇലകരിച്ചിൽ, പട്ടചീയൽ രോഗങ്ങൾ പടർന്നുപിടിക്കുന്നത്. കുലയ്ക്കാറായതും കുലച്ചതുമായ വാഴകൾ രോഗം ബാധിച്ച് നശിക്കുകയാണ്. ഓണവിപണി പ്രതീക്ഷിച്ചു നട്ട വാഴകൾ രോഗം ബാധിച്ചു നശിക്കുന്നതു കണ്ടു നിൽക്കാനേ കർഷകർക്കാകുന്നുള്ളൂ. വാഴ കുലയ്ക്കാൻ തുടങ്ങുന്നതിനു മുൻപേ ഇല കരിഞ്ഞു തുടങ്ങുന്നതാണു ലക്ഷണം. കുലച്ചു തുടങ്ങുമ്പോൾ കുലയുടെ ചുവട്ടിലെ ഇലയൊഴികെ എല്ലാം കരിഞ്ഞു വീഴും. പുഷ്ടിയില്ലാത്ത വാഴക്കുലയാകും പലപ്പോഴും ലഭിക്കുക. ഇതു വിൽക്കാൻ കഴിയാതെ വരുന്നത് കർഷകനെ ദുരിതത്തിലാകും.

ഫംഗസ്, കുമിൾ എന്നിവയും മണാവണ്ടുമാണ് ഇലകരിച്ചിൽ രോഗത്തിനു കാരണമെന്നു പറയുന്നു. കുമിൾ രോഗമാണെങ്കിൽ രോഗം ബാധിച്ചു നശിച്ച ഇലകൾ നശിപ്പിക്കുകയും മഴത്തോർച്ചയുള്ള സമയത്ത് കുമിൾനാശിനി തളിക്കുകയും ചെയ്താൽ ഒരുപരിധി വരെ ഇലകരിച്ചിൽ രോഗം നിയന്ത്രിക്കാൻ കഴിയും. മണാവണ്ടിനെ തുരത്താൻ കീടനാശിനി പ്രയോഗം വേണ്ടിവരുമെന്നും കൃഷിവകുപ്പ് അധികൃതർ പറയുന്നു. തുടർച്ചയായി വാഴക്കൃഷി നടത്തുന്ന കൃഷിയിടങ്ങളിൽ കുമിൾ രോഗം വർധിക്കാൻ സാധ്യതയുണ്ട്.



# 1200 കോടി മുതൽ മുടക്കി നിർമിച്ച റോഡിൽ നിറയെ കുഴികൾ

**വടക്കഞ്ചേരി:** 1200 കോടി രൂപ മുതൽ മുടക്കി നിർമിച്ച വടക്കഞ്ചേരി മണ്ണുത്തി ആറുവരിപ്പാത മഴയ്ക്കു ശേഷം കുഴികളുടെ എണ്ണത്തിൽ റെക്കോർഡിടുന്നു. നിർമാണ കമ്പനി ഒരിടത്ത് കുഴികൾ അടയ്ക്കുമ്പോൾ മറ്റൊരിടത്ത് പൊളിയുന്നു. വടക്കഞ്ചേരി റോയൽ ജംക്ഷൻ മുതൽ മണ്ണുത്തിവരെയുള്ള പാതയിലെ വടക്കഞ്ചേരി മേൽപാലവും കുതിരാൻ തുരങ്കമുഖത്തെ പാലവും നിർമാണ പാളിച്ച മൂലം അറുപതോളം തവണയാണു പൊളിച്ചത്.

വഴുക്കുംപാറയിലെ മേൽപാതയിൽ റോഡ് ഇടിഞ്ഞ് താഴ്ന്നത് നന്നാക്കിക്കൊണ്ടിരുക്കുമ്പോൾ തന്നെ വീണ്ടും ഇടിഞ്ഞുതാഴുന്നു.

കോടികൾ മുടക്കി നിർമിച്ച റോഡിൽ ഒരു മഴ തുടങ്ങുമ്പോഴേക്കും ഇതാണ് സ്ഥിതി. ആറുവരിപ്പാതയിൽ 110 കിലോമീറ്റർ വേഗതയിൽ പോകേണ്ട വാഹനങ്ങൾക്ക് 60 കിലോമീറ്റർ വേഗത്തിൽ പോയാൽ തന്നെ കുഴിയിൽ ചാടി പണി കിട്ടും.

നിർമാണ അപാകതകളെക്കുറിച്ച് അന്വേഷിക്കണമെന്നാണ് പ്രദേശവാസികളുടെ ആവശ്യം.

ഡ്രൈനേജ് നിർമാണവും കാര്യക്ഷമമല്ലാത്തതിനാൽ മഴവെള്ളം പാതയോരത്തെ വീടുകളിൽ എത്തുന്നതും റോഡിലെ വെള്ളക്കെട്ടും തീരാ ദുരിതമാകുന്നു. റോ!ഡിലെ കുഴികൾ ഒരറ്റത്ത് നിന്ന് അടച്ചുവരുമ്പോഴേക്കും മറുഭാഗം തകർന്നു തുടങ്ങും. റോഡിന്റെ ശോചനീയാവസ്ഥയിലും വൻ തുക ടോൾ നൽകി പോകാനാണ് യാത്രക്കാരന്റെ വിധി.

## സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്ക്കാരത്തിന് അവാർഡിനും അപേക്ഷിക്കാം

**തൃശൂർ:** കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2022 ലെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരത്തിന് നിശ്ചിത ഫോറത്തിൽ നോമിനേഷൻ ക്ഷണിച്ചു. വ്യക്തിഗത പുരസ്ക്കാരത്തിനായി അതത് മേഖലകളിലെ 16നും 40നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെയാണ് നോമിനേറ്റ് ചെയ്യേണ്ടത്.

സാമൂഹ്യപ്രവർത്തനം, മാധ്യമപ്രവർത്തനം (പ്രിന്റ് മീഡിയ), മാധ്യമപ്രവർത്തനം (ദൃശ്യമാധ്യമം), കല, സാഹിത്യം, കായികം (വനിത), കായികം (പുരുഷൻ), സംരംഭകത്വം, കൃഷി, ഫോട്ടോഗ്രഫി എന്നീ മേഖലകളിൽ മികച്ച ഓരോ വ്യക്തിക്കു വീതം ആകെ 10 പേർക്കാണ് പുരസ്കാരം നൽകുന്നത്. പുരസ്ക്കാരത്തിനായി സ്വയം അപേക്ഷ സമർപ്പിക്കാൻ കഴിയില്ല. അതത് മേഖലകളുമായി ബന്ധപ്പെട്ട ഏതൊരാൾക്കും മറ്റൊരു വ്യക്തിയെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. പുരസ്കാരത്തിന് അർഹരാകുന്നവർക്ക് 50,000 രൂപയും പ്രശസ്തിപത്രവും നൽകും.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത്, യുവാ, അവളിടം ക്ലബ്ബുകളിൽ നിന്നും അവാർഡിനായി അപേക്ഷ ക്ഷണിച്ചു. ജില്ലാതലത്തിൽ തെരഞ്ഞെടുക്കുന്ന മികച്ച ക്ലബ്ബിന് 30,000 രൂപയും പ്രശസ്തി പത്രവും പുരസ്കാരവും നൽകും. ജില്ലാതലത്തിൽ അവാർഡിന് അർഹത നേടിയ ക്ലബ്ബുകളെയാണ് സംസ്ഥാനതലത്തിലെ അവാർഡിനായി പരിഗണിക്കുന്നത് സംസ്ഥാന അവാർഡ് നേടുന്ന ക്ലബ്ബിന് 50,000 രൂപയും പ്രശസ്തിപത്രവും പുരസ്കാരവും നൽകുന്നതാണ്.

അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 25.

മാർഗ്ഗ നിർദ്ദേശങ്ങളും അപേക്ഷ ഫോറവും അതാത് ജില്ലാ യുവജന കേന്ദ്രങ്ങളിലും കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ വെബ് സൈറ്റിലും ലഭ്യമാണ്.

## മത്സ്യകൃഷി വിളവെടുത്തു

**തൃശൂർ:** ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ദേശമംഗലം ഗ്രാമപഞ്ചായത്തിൽ മത്സ്യക്കുഞ്ഞുങ്ങളുടെ നിക്ഷേപവും ജനകീയ മത്സ്യകൃഷി ബയോഫ്ളോക്ക് വിളവെടുപ്പ് ഉദ്ഘാടനവും നടന്നു. ദേശീയ മത്സ്യ കർഷക ദിനത്തിന്റെ ഭാഗമായി ദേശമംഗലം ഗ്രാമപഞ്ചായത്തിൽ കടുകശേരിയിൽ മെഹറ ഫിഷ് ഫാമിൽ പുതുതായി നിർമ്മിച്ച കുളത്തിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കലും തലശ്ശേരിയിൽ അബ്ദുൽ റഹ്മാൻ കുമ്പിനിവളപ്പിലിന്റെ കുളത്തിലെ ജനകീയ മത്സ്യകൃഷി ബയൊഫ്ളോക്ക് വിളവെടുപ്പ് ഉദ്ഘാടനവും മത്സ്യക്കുഞ്ഞുങ്ങളുടെ നിക്ഷേപവും നടന്നു.

ദേശമംഗലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ ജയരാജ് അധ്യക്ഷനായി. ചാവക്കാട് മത്സ്യഭവന്റെ കീഴിൽ വടക്കാഞ്ചേരി ക്ലസ്റ്ററിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. ദേശീയ മത്സ്യ കർഷക ദിനത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പരിപാടിയിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട വിവിധ നടപടികൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കൈക്കൊണ്ടു.മത്സ്യ കർഷകനായ അബ്ദുൽ റഹ്മാൻ, പഞ്ചായത്ത് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കർഷകർ, കൃഷിഭവൻ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# എംഎസ്എംഇ ഫാർമ മേഖലയിൽ സ്വയം നിയന്ത്രണം വേണം:കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ

**ന്യൂഡൽഹി:** എംഎസ്എംഇ ഫാർമ കമ്പനികൾ മരുന്നുകളുടെ ഗുണനിലവാരത്തെക്കുറിച്ച് ജാഗ്രത പുലർത്തണമെന്നും സ്വയം നിയന്ത്രണത്തിലൂടെ നല്ല നിർമ്മാണ പ്രക്രിയകളിലേക്ക് (GMP) വേഗത്തിൽ നീങ്ങേണ്ടതു പ്രധാനമാണെന്നും കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ. എംഎസ്എംഇ മേഖലയിലെ ഫാർമ കമ്പനികളുടെ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം.എംഎസ്എംഇ ഫാർമ മേഖലയിൽ സ്വയം നിയന്ത്രണത്തിന്റെ ആവശ്യകത ശക്തമായി ഊന്നിപ്പറഞ്ഞ കേന്ദ്രമന്ത്രി, 'ലോകത്തിന്റെ ഫാർമസി' എന്ന പദവി ഇന്ത്യ നിലനിർത്തുന്നതിന് അതിന്റെ പ്രാധാന്യം അടിവരയിട്ടു വ്യക്തമാക്കി.വ്യാജ മരുന്നുകൾ നിർമ്മിക്കുന്ന എല്ലാ ഫാർമസ്യൂട്ടിക്കൽ നിർമ്മാണ കമ്പനികൾക്കെതിരെയും കർശന നടപടിയെടുക്കാൻ ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യയ്ക്ക് (ഡിസിജിഐ) ഡോ. മൻസുഖ് മാണ്ഡവ്യ നിർദ്ദേശം നൽകി. മരുന്ന് നിർമാണ കമ്പനികളെ പരിശോധിക്കാൻ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടെന്നും കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. റെഗുലേറ്ററി അതോറിറ്റികൾ പ്ലാന്റുകളുടെ അപകടസാധ്യത അടിസ്ഥാനമാക്കിയുള്ള പരിശോധനയും ഓഡിറ്റും ആരംഭിച്ചതായും കേന്ദ്രമന്ത്രി പറഞ്ഞു. 137 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതായും 105



സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുത്തതായും അദ്ദേഹം പറഞ്ഞു. 31 സ്ഥാപനങ്ങളിൽ ഉൽപ്പാദനം നിർത്തിവെക്കുകയും 50 സ്ഥാപനങ്ങളുടെ ഉൽപ്പന്നം/വിഭാഗം ലൈസൻസുകൾ റദ്ദാക്കുകയും സസ്പെൻഡ് ചെയ്യുകയും ചെയ്തു. കൂടാതെ 73 സ്ഥാപനങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസും 21 സ്ഥാപനങ്ങൾക്കെതിരെ മുന്നറിയിപ്പ് കത്തുകളും നൽകിയിട്ടുണ്ടെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

# ആൽഫ പാലിയേറ്റീവ് കെയറിൽ ഡയാലിസിസ് മെഷീനുകൾ നൽകി

**എടമുട്ടം:** ആൽഫ പാലിയേറ്റീവ് കെയർ ഡയാലിസിസ് സെന്ററിൽ രണ്ടു പുതിയ മെഷീനുകൾ നൽകി.മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാവിയോ ഷിപ്പിംഗ് പ്രൈവറ്റ് ലിമിറ്റഡ് മാജേിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ അജയ് തമ്പിയും ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹോട്ട്പാക്ക് ഗ്ലോബൽ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ അബ്ദുൾ ജബ്ബാർ പി.ബിയും ആണ് പുതിയ മെഷീനുകൾ സ്പോൺസർ ചെയ്തത്. ഇരുവരും ഓരോ മെഷീനുകൾ കഴിഞ്ഞ വർഷങ്ങളിൽ സ്പോൺസർ ചെയ്തിരുന്നു. ഇതോടെ ആൽഫ ഡയാലിസിസ് സെന്ററിൽ 27 ഡയാലിസിസ് മെഷീനുകൾ പ്രവർത്തനസജ്ജമായി.ആൽഫ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ചെയർമാൻ കെ.എം. നൂർദീൻ അധ്യക്ഷത വഹിച്ചു.സ്പോൺസർമാരായ അജയ് തമ്പിക്കും അബ്ദുൾ ജബ്ബാറിനും ആൽഫയുടെ സ്നേഹോപഹാരം ചെയർമാൻ കെ.എം.നൂർദീൻ സമ്മാനിച്ചു. തുടർന്ന് രണ്ടുസ്പോൺസർമാരും സമർപ്പണ സന്ദേശം നൽകി.പ്രതിമാസം 1800 ലേറെ സൗജന്യ ഡയാലിസിസുകൾ നൽകിവരുന്ന ആൽഫ ഡയാലിസിസ് സെന്ററിൽ നൂറുകണക്കിനുപേരാണ് അപേക്ഷ നൽകി കാത്തിരിക്കുന്നവരായുള്ളത്. അതിൽ 12 പേർക്ക് പുതിയ മെഷീനുകളിൽ സേവനം നൽകാൻ കഴിയും. 2021 ഫെബ്രുവരിയിൽ 15 മെഷീനുകളോടെ ആരംഭിച്ച ഡ



യാലിസിസ് സെന്ററിൽ ഇപ്പോൾ 27 മെഷീനുകളുണ്ട്. പ്രതിമാസം 450 സൗജന്യ ഡയാലിസിസുകൾ കൂടി ഇനി മുതൽ നൽകാൻ കഴിയും.ആൽഫ പാലിയേറ്റീവ് കെയർ കമ്യൂണിറ്റി ഡയറക്ടർ സുരേഷ് ശ്രീധരൻ, ഡയാലിസിസ് എക്സിക്യൂട്ടീവ് കൗൺസിൽ പ്രസിഡന്റ് അഡ്വ. പി.എഫ്. ജോയ്, സെക്രട്ടറി പി.കെ.ജയരാജൻ, ട്രഷറർ രാജീവ്, ഗവേണിംഗ് കൗൺസിൽ അംഗങ്ങളായ കെ.എ.കദീജാബി, വി.ജെ. തോംസൺ, മെഡിക്കൽ ഡയറക്ടർ ജോസ് ബാബു, അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ ഒ.എസ്. വർഗീസ്, ആൽഫയുടെ വിവിധ ലിങ്ക് സെന്റർ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

# മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ : ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി:** മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി പഞ്ചായത്ത് നഗരസഭകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ശിൽപ്പശാല സംഘടിപ്പിച്ചു. ക്യാമ്പയിന്റെ മാർഗ്ഗരേഖ വിശദീകരിക്കുന്നതിനും തദ്ദേശ സ്വയംഭരണ തലത്തിൽ നടപ്പാക്കേണ്ട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് കർമപദ്ധതി തയ്യാറാക്കുന്നതിനുമാണ് ശിൽപ്പശാല സംഘടിപ്പിച്ചത്.ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഓരോ വ്യക്തിയും പാലിക്കേണ്ട ശുചിത്വ ശീലങ്ങളെ കുറിച്ചും ശുചിത്വ മിഷൻ ജില്ലാ കോ ഓർഡിനേറ്റർ കെ കെ മനോജ് സംസാരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കി മാലിന്യ മുക്തമായ കേരളത്തിനായി പരിശ്രമിക്കണം. വ്യക്തി ശുചിത്വം പോലെ തന്നെ പൊതു ശുചിത്വവും പാലിക്കണമെന്നും എല്ലാ തദ്ദേശ സ്ഥാപനങ്ങളിൽ വാതിൽപടി ശേഖരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്നും നവകേരളം കർമപദ്ധതി 2 ജില്ലാ കോഓർഡിനേറ്റർ എസ്.രഞ്ജിനി പറ



ഞ്ഞു. തുടർന്ന് ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും മാലിന്യ മുക്തം നവകേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ടും പൊതുവായും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ കുറിച്ചും ചർച്ച നടത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിവരുന്ന ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം മൊബൈൽ ആപ്ലിക്കേഷൻ പരിചയപ്പെടുത്തി കൊണ്ട് കെൽട്രോണിന്റെ നേതൃത്വത്തിൽ ഓറിയന്റേഷൻ ക്ലാസ്സും നടന്നു.

# യുവ പ്രതിഭാ പുരസ്കാരം: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന യുവജനക്ഷേമ ബോർഡ് 2022 ലെ സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരത്തിനുള്ള നോമിനേഷനും മികച്ച യുവജന ക്ലബുകൾക്കുള്ള അവാർഡിനുള്ള അപേക്ഷയും ക്ഷണിച്ചു. വ്യക്തിഗത പുരസ്കാരത്തിനായി അതാത് മേഖലകളിലെ 18 നും 40 നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങളെ നോമിനേറ്റ് ചെയ്യാം. സാമൂഹ്യപ്രവർത്തനം, മാധ്യമ പ്രവർത്തനം (പ്രിന്റ് മീഡിയ), മാധ്യമ പ്രവർത്തനം (ദൃശ്യമാധ്യമം), കല, സാഹിത്യം, കായികം (വനിത), കായികം (പുരുഷൻ), സംരംഭകത്വം, കൃഷി, ഫോട്ടോഗ്രാഫി എന്നീ മേഖലകളിൽ നിന്നും മികച്ച ഓരോ വ്യക്തിക്കുവീതം 10 പേർക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്.പുരസ്കാരത്തിനായി സ്വയം അപേക്ഷ സമർപ്പിക്കാൻ കഴിയില്ല. പുരസ്കാരത്തിന് അർഹരാകുന്നവർക്ക് 50,000 രൂപയും പ്രശസ്തി പത്രവും ലഭിക്കും. സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത്, യുവ, അവളിടം ക്ലബ്ബുകളിൽ നിന്നും അവാർഡിനായി അപേക്ഷകൾ ക്ഷണിച്ചു. ജില്ലാതലത്തിൽ നിന്നും തെരഞ്ഞെടുക്കുന്ന മികച്ച ക്ലബ്ബിന് 30,000 രൂപയും പ്രശസ്തി പത്രവും പുരസ്കാരവും ലഭിക്കും. ജില്ലാതലത്തിൽ അവാർഡിന് അർഹത നേടിയ ക്ലബ്ബുകളെയാണ് സംസ്ഥാനതലത്തിലെ അവാർഡിനായി പരിഗണിക്കുന്നത്. സംസ്ഥാന അവാർഡ് നേടുന്ന ക്ലബ്ബിന് 50,000 രൂപയും പ്രശസ്തി പത്രവും, പുരസ്കാരവും ലഭിക്കും.ജൂലൈ 25 ന് മുൻപ് അപേക്ഷകൾ സമർപ്പിക്കേതാണ്. മാർഗ്ഗനിർദ്ദേശങ്ങളും അപേക്ഷ ഫോറവും അതാത് ജില്ലാ യുവജന കേന്ദ്രങ്ങളിലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ www.skywb.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. ഫോൺ 0484 2428071

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഗവ.ഐ.ടി.ഐ പെരുവയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് എന്നീ ട്രേഡുകളിൽ പ്രവേശനം നൽകുന്നതിനായി എസ്.എൽ.സി പാസായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അക്ഷയ സെന്റർ വഴിയോ, മൊബൈൽ ഫോണിലൂടെയൊ, ലാപ്ടോപ്പിലൂടെയൊ, https://itiadmissions.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്ന അവസാന തീയതി: 2023 ജൂലൈ 15.കൂടുതൽ വിവരങ്ങൾക്ക് : 04829 292678

# വിവരാവകാശ കമ്മീഷൻ സിറ്റിങ്: 10 പരാതികൾക്ക് പരിഹാരം

**കൊച്ചി:** എറണാകുളം ഗസ്റ്റ് ഹൗസിൽ വിവരാവകാശ കമ്മീഷൻ സിറ്റിങ് നടന്നു. 11 പരാതികളിൽ 10 എണ്ണം പരിഹരിച്ചു. നഗരസഭ, റവന്യൂ വകുപ്പുകളുമായി ബന്ധപ്പെട്ട പരാതികളാണ് പരിഹരിച്ചതെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. കെ.എം. ദിലീപ് അറിയിച്ചു.

# മേട്രൺ കം റസിഡൻറ് ട്യൂട്ടർ

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിനു കീഴിൽ ജില്ലയിൽ പ്രവർത്തിക്കുന്ന മലയാറ്റൂർ, ഏഴിക്കര പ്രീമെട്രിക് ബോയ്സ് ഹോസ്റ്റലുകളിലും, നോർത്ത് പറവൂർ, പെരുമ്പാവൂർ പ്രീമെട്രിക് ഗേൾസ് ഹോസ്റ്റലുകളിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിന് മേട്രൺ കം റസിഡന്റ് ട്യൂട്ടർമാരെ കരാറടിസ്ഥാനത്തിൽ (2024 മാർച്ച് വരെ) നിയമിക്കുന്നതിന് ബിരുദവും ബി.എഡ് യോഗ്യതയുമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വൈകിട്ട് 4 മുതൽ രാവിലെ 8 വരെയാണ് പ്രവൃത്തി സമയം. 12,000 രൂപയാണ് പ്രതിമാസ ഓണറേറിയം. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, ജാതി, യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജൂലൈ 18ന് രാവിലെ 10.30ന് എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷനിൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നേരിട്ടുള്ള കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടണം. ഫോൺ 0484 2422256.

# കാലവർഷക്കെടുതികൾ അറിയിക്കൽ; കൊച്ചിയിൽ കൺട്രോൾ റൂം സജ്ജം



**കൊച്ചി:**കൊച്ചിയിൽ കേന്ദ്രീകൃത ദുരന്ത നിവാരണ കൺട്രോൾറൂം പ്രവർത്തനം ആരംഭിച്ചു. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ കീഴിൽ ഉള്ള കേരളത്തിലെ ആദ്യത്തെ ഇന്റഗ്രേറ്റഡ് കമാൻഡ് കൺട്രോൾ ആൻഡ് കമ്മ്യൂണിക്കേഷൻ സെന്ററിലാണ് (ഐസി 4) ജില്ലാ കളക്ടറുടെ മേൽനോട്ടത്തിലുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജമാക്കിയിരിക്കുന്നത്.സിറ്റി പോലീസ്, ദുരന്ത നിവാരണ അതോറിറ്റി, അഗ്നിശമന വകുപ്പ്, ആരോഗ്യ വകുപ്പ് , കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, കൊച്ചി, കണയന്നൂർ താലൂക്കുകൾ എന്നിവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് അടിയന്തര സാഹചര്യങ്ങൾ ഫലപ്രദമായി നേരിടുകയും പരിഹാരങ്ങൾ കണ്ടെത്തുകയുമാണ് കൺട്രോൾ റൂമിന്റെ ലക്ഷ്യം. അതിനായി വിവിധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഈ കൺട്രോൾ റൂമിൽ സേവനമനുഷ്ഠിക്കുന്നുണ്ട് . കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികൾ അതതു വകുപ്പുകൾക്ക് കൈമാറി വേണ്ട പരിഹാര നടപടികൾ കൈക്കൊള്ളാൻ നിർദേശിക്കുക എന്നതാണ് ഉദ്യോഗസ്ഥരുടെ ചുമതല. നിലവിൽ കൊച്ചി നഗരവാസികൾക്ക് മഴക്കാലത്ത് ഉണ്ടാകുന്ന കാലവർഷ കെടുതികൾ അറിയിക്കാൻ 0484 2795710, 2795711 എന്നീ ഹെൽപ്പ് ഡെസ്ക് നമ്പറുകളിൽ 24മണിക്കൂറും സേവനം ഉണ്ടായിരിക്കും.കഴിഞ്ഞ മഴക്കാലത്ത് താൽക്കാലിക കൺട്രോൾ റൂമായും കോവിഡ് വ്യാപന സമയത്ത് കേരളത്തിലെ വാർ റൂമായും ആയിരുന്നു കൊച്ചിയിലെ ഐ സി4 പ്രവർത്തിച്ചിരുന്നു.വിവിധ സർക്കാർ വകുപ്പുകളിൽനിന്നും സേവനങ്ങളിൽനിന്നുമുള്ള കൃത്യമായ വിവരങ്ങൾ ശേഖരിച്ചു വിശകലനം ചെയ്തു വിലയിരുത്തി മികച്ച നഗരാസൂത്രണം സാധ്യമാക്കാൻ സഹായിക്കുന്ന ഈ കൺട്രോൾ സെന്റർ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമാവുന്ന ഒന്നു കൂടിയാണ്. കൂടാതെ വിവിധ സർക്കാർ വകുപ്പുകളെ ഘട്ടം ഘട്ടമായി ഇതിലൂടെ ഏകോപിക്കുന്ന പ്രവർത്തങ്ങൾ നടന്നു വരികയുമാണ് .നിലവിൽ കൊച്ചി സ്മാർട്ട്സി മിഷൻ ലിമിറ്റഡിന്റെ കീഴിൽ നടക്കുന്ന ഇന്റലിജന്റ് സിറ്റി സർവൈലൻസ് (ഐ. സി. എസ്. എസ് ) പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരത്തിൽ 141 ഇടങ്ങളിലായി സ്ഥാപിച്ച 464 ക്യാമറകളും, നഗരത്തിലെ 21 ജംഗ്ഷനുകളിൽ ഗതാഗത നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി സ്ഥാപിച്ച 91 ക്യാമറകളും, നഗരത്തിലെ റോഡുകളിലുള്ള 3056 തെരുവ് വിളക്കുകളുടെ പ്രവർത്തനവും നിരീക്ഷണവും കമാൻഡ് സെന്ററുമായി ഏകോപിപ്പിച്ചിട്ടുണ്ട്. കൂടാതെ 23618 സ്മാർട്ട് ഇലക്ട്രിക് മീറ്റർ, ഒരു മെഗാ വാർട്ട് റൂഫ് ടോപ് സോളാർ പദ്ധതി എന്നിവയും ഏകീകരിച്ചിട്ടുണ്ട് . സി.എസ്.എം.എലിന്റെ നേതൃത്വത്തിൽ പുതുതായിഏറ്റെടുത്തു നടത്തുന്ന പദ്ധതികളായ ജി.ഐ.എസ്.മാപ്പിംഗ്, വേസ്റ്റ് മാനേജ്മന്റ്, ഇ ഗവെർണൻസ് എന്നിവയും ഐ.സി4 മായി ഏകോപിപ്പിക്കും. ഈ പ്രവർത്തനങ്ങളുടെ വിവശേഖരണവും ദൃശ്യവൽക്കരണവും ഇതിന്റെ വിവരങ്ങൾ വിശകലനം ചെയ്തു പരസ്പര ബന്ധം മനസ്സിലാക്കി ജനങ്ങളിലേക്കും വിവിധ വകുപ്പുകളിലേക്കും കൃത്യമായ ആശയവിനിമയം സാധ്യമാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന പ്രവർത്തനമാണ് ഐ.സി4 ലൂടെ നടപ്പിലാക്കുന്നത്. വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അതതു തലങ്ങളിൽ അവയുടെ നവീകരണം നടത്താൻ വകുപ്പുകൾക്ക് ഇതിലൂടെ പെട്ടെന്ന് സാധിക്കുകയും ചെയ്യും. അത്തരത്തിൽ കൂടുതൽ വകുപ്പുകളുമായി ബന്ധിപ്പിച്ചു നാഗരാസൂത്രണത്തിനും വികസനത്തിനും ഇതിലൂടെ സാധിക്കും.മൺസൂൺ കൺട്രോൾ റൂം പ്രവർത്തനങ്ങൾ കൊച്ചി കോർപറേഷൻ മേയർ അഡ്വക്കേറ്റ് എം. അനിൽകുമാർ,ജില്ലാ കളക്ടർ എൻ. എസ്. കെ ഉമേഷ് , കൊച്ചിൻ സ്മാർട്ട് മിഷൻ സി.ഇ.ഒ.ഷാജി.വി.നായർ, സിറ്റി പോലീസ് കമ്മീഷണർ കെ. സേതുരാമൻ, കോർപ്പറേഷൻ സെക്രട്ടറി ബാബു അബ്ദുൽ ഖാദർ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ വിലയിരുത്തി.

# കണ്ടെയ്നർ റോഡ് പാർക്കിംഗ് നിരോധനം; നടപടികൾ വേഗത്തിലാക്കണം

**കൊച്ചി:**വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റോഡിലെ പാർക്കിംഗ് നിരോധനവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കണമെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്. ജില്ലയിൽ എത്തുന്ന കണ്ടെയ്നർ വാഹനങ്ങൾക്ക് പാർക്കിംഗ് സംവിധാനം ഒരുക്കുന്നതുമായി ബന്ധപ്പെട്ട അവലോകന യോഗത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.കണ്ടെയ്നർ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി ഒരുക്കുന്ന ബിപിസിഎല്ലിന്റെ നാല് ഏക്കർ പാർക്കിംഗ് യാർഡ് എത്രയും വേഗം പ്രവർത്തനമാരംഭിക്കണം. റോഡിന്റെ ഇരുവശങ്ങളിലെ പാർക്കിംഗ് തടയുന്നതിനായുള്ള ഗാർഡ് സ്റ്റോണുകൾ നിർമ്മിക്കണമെന്നും കൂടുതൽ സ്ട്രീറ്റ് ലൈറ്റുകൾ സജ്ജീകരണമെന്നും ജില്ലാ കളക്ടർ യോഗത്തിൽ നിർദ്ദേശിച്ചു.ഐ.ഒ.സി, നാച്ക്കോ, അർപ്പിത തുടങ്ങിയ പാർക്കിംഗ് യാർഡുകൾ നിലവിൽ കണ്ടെയ്നർ വാഹനങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ട്. സ്ലോട്ടുകൾ ഉപയോഗിക്കുന്നതിനനുസരിച്ച് കൂടുതൽ പാർക്കിംഗ് സ്ഥലം ക്രമീകരിക്കുമെന്ന് കളക്ടർ പറഞ്ഞു.പാർക്കിംഗിന്റെ മറവിൽ റോഡിനിരുവശവും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിരുന്നു. ഇത്തരത്തിൽ മാലിന്യ നിക്ഷേപം നടത്തുന്നത് പൊതുജനാരോഗ്യത്തിന് ഹാനികരമായതിനാലും ജനങ്ങളുടെ സുരക്ഷിതമായ ജീവിതത്തിനു തടസമുണ്ടാക്കുന്നത് ഒഴിവാക്കുന്നതിനുമാണ് ദുരന്തനിവാരണ നിയമം 2005 ലെ 30, 33 സെക്ഷനുകൾ പ്രകാരം നിരോധനം ഏർപ്പെടുത്തിയത്. ജില്ലാ കളക്ടർ എൻ.എസ്. കെ ഉമേഷിന്റെ അധ്യക്ഷതയിൽ ചേമ്പറിൽ ചേർന്ന യോഗത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ്, എൻ. എച്ച്. എ.ഐ, ബി.പി.സി.എൽ, ആർ.ടി.ഒ, പോലീസ് തുടങ്ങിയ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുത്തു.

# ലോയ്ഡ് ഗാലറി കോഴിക്കോട് പ്രവർത്തനം ആരംഭിച്ചു.



**കോഴിക്കോട് :** പ്രമുഖ ഹോം അപ്ലയൻസസ് സ്ഥാപനമായ ഹാവൽസ് ഇന്ത്യയുടെ ഉടമസ്ഥതയിലുള്ള എയർ കണ്ടീഷണർ ബ്രാന്റായ ലോയ്ഡിന്റെ കേരളത്തിലെ എക്സ്ക്ലൂസീവ് റീട്ടെയ്ൽ ഷോറൂം ലോയ്ഡ് ഗാലറി കോഴിക്കോട് പ്രവർത്തനമാരംഭിച്ചു.കോഴിക്കോട് വെസ്റ്റ് ഹിൽ ആക്സിസ് ബാങ്കിന് സമീപം ജസ്ലു സെന്ററിൽ ആരംഭിച്ച പുതിയ ഷോറൂമിന്റെ ഉദ്ഘാടനം ഹാവൽസ് ഇന്ത്യ ജോയിന്റ് ജനറൽ മാനേജർ എസ്. പ്രിയേഷ് കുമാർ നിർവഹിച്ചു. ഏറ്റവും മികച്ചതും കൂടുതൽ ഫീച്ചറുകൾ ഉള്ളതുമായ എയർ കണ്ടീഷനറുകൾ ഊർജക്ഷമത ഉറപ്പുവരുത്തി ഉപഭോക്താക്കൾക്ക് നൽകുക എന്ന തങ്ങളുടെ വാഗ്ദാനം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് ലോയ്ഡ് ഗാലറികൾ ആരംഭിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. വീടിനകത്തും ഓഫീസ് മുറികളിലുമുണ്ടാകുന്ന വായു മലിനീകരണത്തിൽ നിന്ന് ഉപഭോക്താക്കളെ സുരക്ഷിതരാക്കുന്നതിനുള്ള നൂതന സാങ്കേതികവിദ്യകളോട് കൂടിയാണ് എയർ കണ്ടീഷനറുകൾ അവതരിപ്പിക്കുന്നത്. ദക്ഷിണേന്ത്യയിലെ സാന്നിധ്യം വർധിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.എയർ കണ്ടീഷണറുകൾ, വാഷിംഗ് മെഷീനുകൾ, റഫ്രിജറേറ്ററുകൾ, എൽ.ഇ.ഡി ടിവികൾ തുടങ്ങി നിരവധി ഉൽപ്പന്നങ്ങളാണ് ലോയ്ഡ് പുറത്തിറക്കുന്നത്. രാജ്യത്താകമാനം 10000ത്തിലധികം ഡീലർമാരും 485 അംഗീകൃത സർവീസ് സെന്ററുകളുമുള്ള ലോയ്ഡ് ദക്ഷിണേന്ത്യയിലെ പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായാണ് ലോയ്ഡ് ഗാലറികൾ ആരംഭിക്കുന്നത്. ഈ സാമ്പത്തിക വർഷം ഇതുപോലുള്ള കൂടുതൽ ഷോറൂമുകൾ കൂടി തുടങ്ങാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

# മാർത്തോമ്മാ പുരസ്കാരം സമ്മാനിച്ചു



**ചങ്ങനാശ്ശേരി:** ചങ്ങനാശ്ശേരി അതിരൂപതയുടെ അൽമായ ഉന്നത ദൈവ ശാസ്ത്ര പഠന കേന്ദ്രമായ മാർത്തോമ്മാ വിദ്യനികേതൻ ഏർപ്പെടുത്തിയ 12ാമതു മാർത്തോമ്മാ പുരസ്കാരം റവ. ഡോ. വർഗീസ് പാത്തിക്കുളങ്ങരയ്ക്ക് ആർച്ചുബിഷപ്പ് അഭി. ഡോ. ജോസഫ് പെരുന്തോട്ടം സമ്മാനിച്ചു. കറുകുറ്റി ക്രിസ്തു രാജ സി. എം. ഐ. ആശ്രമത്തിൽ നടന്ന ചടങ്ങിൽ വച്ചാണ് പുരസ്കാരം ജേതാവിന് കൈമാറിയത്. സഭയുടെ പൈതൃകം ഉറവിടങ്ങളിൽ നിന്നും കണ്ടെത്തുന്നതിന് ഈടുറ്റ സംഭാവനകൾ നൽകിയ വിശുദ്ധ ചാവറ പിതാവിന്റെയും പ്ലാസിഡ് അച്ചന്റെയുമൊക്കെ ശ്രേണിയിലാണ് പുരസ്കാര ജേതാവ് ഫാ.വർഗീസ് പാത്തിക്കുളങ്ങര നിൽക്കുന്നതെന്ന് മാർ ജോസഫ് പെരുന്തോട്ടം പറഞ്ഞു.സഭയുടെ ആരാധനക്രമ നവീകരണത്തിന് സി. എം. ഐ. സഭയുടെ പണ്ഡിതരായ വൈദികർ നൽകിയ സംഭാവനകളും അദ്ദേഹം അനുസ്മരിച്ചു ചടങ്ങിൽ ഡയറക്ടർ റവ ഡോ. തോമസ് കറുകക്കളം, റവ. ജെയിംസ് കൊക്കാവയലിൽ, ആശ്രമം വികാരി റവ. ഫാ. ജയ്സൺ പടിക്കൽ, പുരസ്കാര സമിതി അംഗങ്ങളായ അഡ്വ. ജോർജ് വർഗീസ് അഡ്വ. റോയി തോമസ് മുതലായവർ സംബന്ധിച്ചു.

### ഹ്യുണ്ടായ് ഇന്ത്യ കൗച്ചർ വീക്ക്

# റിലയൻസ് ബ്രാൻഡുകളുമായി സഹകരിച്ച് ഫാഷൻ ഡിസൈൻ കൗൺസിൽ ഓഫ് ഇന്ത്യ

**കൊച്ചി/ ന്യൂഡൽഹി:** ഫാഷൻ ഡിസൈൻ കൗൺസിൽ ഓഫ് ഇന്ത്യ (FDCI) ജൂലൈ 25 മുതൽ ഓഗസ്റ്റ് 2 വരെ ദേശീയ തലസ്ഥാനത്ത് താജ് പാലസ് ഹോട്ടൽ നടക്കാനിരിക്കുന്ന ഹ്യൂണ്ടായ് ഇന്ത്യ കൗച്ചർ വീക്കിനായി റിലയൻസ് ബ്രാൻഡുകളുമായി സഹരിക്കും. ഹ്യുണ്ടായ് ഇന്ത്യ കൗച്ചർ വീക്കിനായി റിലയൻസ് ബ്രാൻഡുകളുമായി സഹവസിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്ന് ഫാഷൻ ഡിസൈൻ കൗൺസിൽ ഓഫ് ഇന്ത്യ ചെയർമാൻ സുനിൽ സേത്തി പറഞ്ഞു. ഈ പങ്കാളിത്തത്തിലൂടെ ലോകത്തിലെ തന്നെ മികച്ച ഫാഷൻ ഇവന്റായി വരും വർഷങ്ങളിൽ കൂടുതൽ വളർച്ച തങ്ങൾ പ്രതീക്ഷിക്കുന്നതായും സുനിൽ സേത്തി പറഞ്ഞു.കഴിഞ്ഞ 16 വർഷമായി ബ്രൈഡൽ, കൗച്ചർ ഡിസൈനർമാർക്കുള്ള ഇന്ത്യയിലെ പ്രധാനപ്പെട്ട ഈ ഇവന്റിന് റിലയൻസ് ബ്രാൻഡ്സുമായുള്ള പങ്കാളിത്തം കൂടുതൽ കരുത്ത് നൽകും. എഫ്ഡിസിഐ സംരംഭമായ, ഹ്യുണ്ടായ് ഇന്ത്യ കൗച്ചർ വീക്ക്, ഇന്ത്യയിലെ നിരവധി ഡിസൈനർമാരുടെ പ്രമോട്ടുചെയ്ത ബിസിനസ്സുകളുടെ വർദ്ധിച്ചുവരുന്ന സ്വാധീനം പ്രദർശിപ്പിക്കുന്നതിനുള്ള വേദിയാണ് .അന്താരാഷ്ട്ര, ഇന്ത്യൻ ആഡംബര ബ്രാൻഡുകൾ സമാരംഭിക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും പങ്കാളിത്തത്തിലുമുള്ള റിലയൻസ് ബ്രാൻഡ്സിന്റെ മുൻപരിചയവും വൈദഗ്ധ്യവും ഈ ഷോയുടെ വളർച്ചയ്ക്ക് സഹായകമാവും.ഇന്ത്യയിലെ ഡിസൈനർ ഫാഷൻ വ്യവസായത്തിന്റെ വളർച്ചയോടുള്ള തങ്ങളുടെ പ്രതിബദ്ധത ഈ പങ്കാളിത്തം പുനഃസ്ഥാപിക്കുന്നുവെന്ന് റിലയൻസ് ബ്രാൻഡ്സ് ഗ്രൂപ്പ് വൈസ് പ്രസിഡന്റ് ജസ്പ്രീത് ചന്ദോക് പറഞ്ഞു. എഫ്ഡിസിഐയുമായുള്ള തങ്ങളുടെ ആഴത്തിലുള്ള പങ്കാളിത്തം അടുത്ത ഘട്ടത്തിലേക്ക് കൊണ്ടുപോകുന്നതിൽസന്തോഷമുണ്ടെന്നും ജസ്പ്രീത് ചന്ദോക് പറഞ്ഞു.അനാമിക ഖന്ന, റിതു കുമാർ, തരുൺ തഹിലിയാനി, ജെജെ വലായ, രാഹുൽ മിശ്ര, രാജേഷ് പ്രതാപ് സിംഗ്, സുനീത് വർമ്മ, ഫൽഗുനി ഷെയ്ൻ മയിൽ, ഡോളി ജെ, ഗൗരവ് ഗുപ്ത, രോഹിത് ഗാന്ധി , രാഹുൽ ഖന്ന, വരുൺ ബാൽ, ശാന്ത്നു നിഖിൽ, കുനാൽ റാവൽ, റിംസിം ദാദു, റോസ് റൂം, സാമന്ത് ചൗഹാൻ എന്നിവരാണ് പങ്കെടുക്കുന്ന ഡിസൈനർമാർ.

# ഐഐടി മദ്രാസ് ടാൻസാനിയയിൽ അന്താരാഷ്ട്ര ക്യാമ്പസ് ആരംഭിക്കുന്നു

**കൊച്ചി:** ഐഐടി മദ്രാസ് ആഫ്രിക്കയിലെ സാൻസിബാർടാൻസാനിയയിൽ അന്താരാഷ്ട്ര ക്യാമ്പസ് ആരംഭിക്കുന്നു. തുടക്കത്തിൽ രണ്ട് മുഴുവൻ സമയ അക്കാദമിക് പ്രോഗ്രാമുകളാകും നടത്തുകയെന്ന് ഐഐടി മദ്രാസ് ഡയറക്ടർ വി. കാമകോടി പറഞ്ഞു. 70 വിദ്യാർഥികൾക്കാണ് ആദ്യ പ്രവേശനം. നാല് വർഷ ബിഎസ് (ഡേറ്റാ സയൻസ് ആന്റ് എഐ) , രണ്ട് വർഷ മാസ്റ്റർ ഓഫ് ടെക്നോളജി ഇൻ (ഡേറ്റാ സയൻസ് ആന്റ് എഐ) എന്നിവയാണ് കോഴ്സുകൾ. 2023 ബാച്ചിലേക്കുള്ള അപേക്ഷ നിലവിൽ ആരംഭിച്ചിട്ടുണ്ട്. സാൻസിബാർ ദ്വീപിലെ 200 ഏക്കറിൽ വ്യാപിക്കുന്നതായിരിക്കും സ്ഥിരം കാംപസ്. ക്യാംപസിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് ഐഐടി മദ്രാസിലെ വിദഗ്ധരാണ്. ഇന്ത്യക്കും സാൻസിബാർടാൻസാനിയക്കും ഇടയിൽ സുപ്രധാന മാറ്റങ്ങൾക്കുതകുന്ന തരത്തിലുള്ള വിദ്യാഭ്യാസ പങ്കാളിത്തമുണ്ടാക്കുക എന്നതാണ് പുതിയ ക്യാമ്പസിലൂടെ ലക്ഷ്യം വെക്കുവന്നത്. പ്രാരംഭ ഘട്ടത്തിൽ ഐഐടി മദ്രാസിൽ നിന്നോ ഇന്ത്യയിൽ നിന്നോ ഉള്ള ഫാക്കൽറ്റികളായിരിക്കും ക്യാമ്പസിൽ റിക്രൂട്ട് ചെയ്യുക. ഇതിനുള്ള പ്രവർത്തനങ്ങൾ നേരത്തെ തന്നെ തുടങ്ങിക്കഴിഞ്ഞു. ചെന്നൈയിലെ ഐഐടി മദ്രാസിൽ 2023 ജൂലൈ മുതൽ ആരംഭിക്കുന്ന വിഭിന്ന ഡിഗ്രി പ്രോഗ്രാമുകൾ പഠിക്കുന്നതിന് ടാൻസാനിയയിലെ പൗരൻ



മാർക്ക് സ്കോളർഷിപ്പുകൾ കേന്ദ്ര സർക്കാർ നിരവധി സ്കോളർഷിപ്പുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. അന്താരാഷ്ട്ര വിദ്യാർഥികൾക്കുള്ള ഐഐടിഎം സെനറ്റ് അംഗീകരിച്ച അഡ്മിഷൻ നടപടിക്രമം അനുസരിച്ച് അതിൽ ഐഐടി മദ്രാസിലെ ഫാക്കൽറ്റി വിദഗ്ധർ തയ്യാറാക്കിയ സ്ക്രീനിങ് ടെസ്റ്റും ഇന്റർവ്യൂവും കഴിഞ്ഞായിരിക്കും പ്രവേശനം ലഭിക്കുക. സാൻസിബാറിൽ തങ്ങളുടെ ഒരു ക്യാംപസ് തുടങ്ങുകയെന്നത് ഐഐടി മദ്രാസിന്റെ ചരിത്രത്തിലെ നാഴികക്കല്ലാണെന്നും ഉന്നത വിദ്യാഭ്യാസ പങ്കാളിത്തത്തിന് ഇത് വളരെ സഹായകരമാകുമെന്നും വി. കാമകോടി പറഞ്ഞു.

# കുഫോസിൽ പി.ജി പ്രവേശനം ജൂൺ 26 മുതൽ

**കൊച്ചി:** കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) വിവിധ പി.ജി.കോഴ്സുകളിലേക്കുള്ള ഒന്നാംഘട്ട പ്രവേശനം ജൂൺ 26, 27 തിയ്യതികളിൽ നടക്കും.ഫുഡ് സയൻസ് ആൻറ് ടെക്നോളജി, മറൈൻ ബയോളജി, മറൈൻ മൈക്രോബയോളജി, ബയോ ടെക്നോളജി, എൺവയർമെൻറൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് എന്നീ എം.എസ്.സി കോഴ്സുകളിലേക്കും എം.ബി.എ കോഴ്സിലേക്കുമുള്ള പ്രവേശനമാണ് ജൂൺ 26 ന് നടക്കുക.അപ്ളൈഡ് ജിയോളജി, ക്ളൈമറ്റ് സയൻസ്, ഡിസാസ്റ്റർ മാനേജ്മെൻറ്, മറൈൻ കെമിസ്ട്രി, ഫിസിക്കൽ ഓഷ്യനോഗ്രഫി, റിമോട്ട് സെൻസിങ്ങ് ആൻറ് ജിസ് എന്നീ എം.എസ്.സി കോഴ്സുകളിലേക്കും എം.ടെക് കോഴ്സുകളിലേക്കുമുള്ള പ്രവേശനം ജൂൺ 27 നും നടക്കും. രണ്ടു ജിവസവും രാവിലെ 10 മണി മുതൽ ജനറൽ കാറ്റഗറിയിലും ഉച്ചക്ക് രണ്ടു മുതൽ റിസർവേഷൻ വിഭാഗത്തിലുമായിരിക്കും പ്രവേശനം. പി.ജി. അപേക്ഷയോടൊപ്പം നൽകിയ ഓപ്ഷൻ പരിഗണിച്ചാണ് എൻട്രൻസ് റാങ്ക് ലിസ്റ്റിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അലോട്ട്മെൻറ് അനുവദിച്ചിരിക്കുന്നത്. എം.ബി.എ, എം.എസ്.സി കോഴ്സുകളിലേക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന സമയത്ത് അടക്കേണ്ട ഫീസ് 46,278 രൂപയാണ് . എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സിന് അടക്കേണ്ട ഫീസ് 40,778 രൂപയും. എം.ടെക് കോഴ്സുകളിലേക്കുള്ള ഫീസ് 51,778 രൂപയുമാണ് . എല്ലാ കോഴ്സുകളിലും ഫീസ് ഇളവിന് അർഹതയുള്ളവർ 15,178 രൂപ അടച്ചാൽ മതിയാകും)കൂടുതൽ വിവരങ്ങൾക്ക് കുഫോസ് വെബ് സൈറ്റ് (www.kufos.ac.in) സന്ദർശിക്കുക. ഫോൺ 04842701085

# ഡ്യൂറോഫ്ളക്സിന്റെ ന്യൂമ കിടക്കകൾ വിപണിയിൽ




**കൊച്ചി:** ഡ്യൂറോ ഫ്ളക്സിന്റെ ഇരുവശത്തെയും ദൃഢത ക്രമീകരിക്കാവുന്ന 'ന്യൂമ' കിടക്കകൾ വിപണിയിൽ. ഏത് രീതിയിൽ കിടക്കുന്നതിനും സഹായകരമാകുന്ന തരത്തിൽ ക്രമീകരിക്കാം എന്നതാണ് പ്രത്യേകതയെന്ന് ഡ്യൂറോഫ്ളക്സ് സിഇഒ മോഹൻ രാജ് ജഗന്നിവാസൻ പറഞ്ഞു.ഇത്തരത്തിൽ പുറത്തിറങ്ങുന്ന ഇന്ത്യയിലെ ആദ്യത്തെ കിടക്കയാണ് ഡ്യൂറോഫ്ളക്സിന്റേത്. നട്ടെല്ലിന് അനുയോജ്യമായ രീതിയിൽ ക്രമീകരിക്കാൻ കഴിയുന്നതിനാൽ നല്ല രീതിയിലുള്ള ഉറക്കം ലഭിക്കുന്നു. കിടക്കയിൽ ഇരിക്കുകയോ വിശ്രമിക്കുകയോ ചെയ്യുമ്പോഴും ഇത് ഗുണം ചെയ്യുന്നു. റിമോർട്ട് കൺട്രോൺ വഴിയോ മൊബൈൽ ആപ്പു വഴിയോ ഇത് പ്രവർത്തിപ്പിക്കാം. 5 വർഷമാണ് ഗ്യാരി. ഹീറ്റ് എവൈ ടെക്നോളജിയാണ് മറ്റൊരു പ്രത്യേകത. കിടക്കയുടെ താപനില ക്രമീകരിക്കാൻ ഇത് സഹായിക്കുന്നു. ഇതുപോലുള്ള പുതിയ കത്തെലുകൾ ഇനിയും ഇന്ത്യൻ വിപണിയിൽ എത്തിക്കുമെന്നും മോഹൻ രാജ് ജഗന്നിവാസൻ പറഞ്ഞു. ന്യൂമ കിടക്കകൾ കിങ്ങ്, ക്യൂൻ സൈസിൽ ലഭ്യമാണ്. 1,31,578 രൂപ മുതൽ ലഭ്യമാണെന്നും അദ്ദേഹം പറഞ്ഞു.

## യുടിഐ:ആസ്തികൾ 7333 കോടി രൂപയിലെത്തി

UTI Mutual Fund

**കൊച്ചി:** മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഓഹരികൾ തെരഞ്ഞെടുത്ത് നിക്ഷേപം നടത്തുന്ന യുടിഐയുടെ വാല്യൂ ഓപ്പർച്യൂണിറ്റീസ് ഫ് കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ 7333 കോടി രൂപയിൽ എത്തിയതായി 2023 ജൂൺ 30ലെ കണക്കുകൾ സൂചിപ്പിക്കുന്നു. 2005ൽ ആരംഭിച്ച പദ്ധതിയിൽ 68 ശതമാനം നിക്ഷേപവും ഇപ്പോൾ ലാർജ് ക്യാപ് വിഭാഗത്തിലാണ്. ശേഷിക്കുന്നത് മിഡ് ക്യാപ്, സ്മോൾ ക്യാപ് വിഭാഗങ്ങളിലുമാണ്. ദീർഘകാല മൂലധന നേട്ടം പ്രതീക്ഷിച്ച് ഓഹരി നിക്ഷേപം പരിഗണിക്കുന്നവർക്ക് അനുകൂലമായ പദ്ധതിയാണിത്.

## 200 ദശലക്ഷം ആപ്പ് ഡൗൺലോഡുമായി ഷോപ്പ്സി

**കൊച്ചി:** ഇന്ത്യയിലുടനീളം 200 ദശലക്ഷം ആപ്പ് ഡൗൺലോഡുമായി ഫ്ളിപ്കാർട്ട് ഷോപ്പ്സി. ഷോപ്പ്സിയുടെ രാം വാർഷികവേളയിലാണീ നേട്ടമെന്ന് ഷോപ്പ്സി മേധാവി കപിൽ തിരാണി പറഞ്ഞു. വാർഷികാഘോഷത്തിന്റെ ഭാഗമായി മെഗാ ആനിവേഴ്സറി സെയിലിന്റെ രാം പതിപ്പ് നടന്നു. ര് മടങ്ങ് വർദ്ധനവ് രേഖപ്പെടുത്തിയ ഈ വിൽപ്പനയിൽ സാരികൾ, പുരുഷന്മാരുടെ ടീഷർട്ടുകൾ, കുർത്തികൾ എന്നിവയാണ് ഉപഭോക്താക്കൾ ഏറ്റവും കൂടുതൽ ഷോപ്പിംഗ് നടത്തിയ ഉൽപ്പന്നങ്ങൾ.ഷോപ്പ്സിയുടെ ഉപഭോക്താക്കളിൽ 60 ശതമാനം പേരും ടയർ3 വിപണികളിൽ നിന്നുള്ളവരാണ്. ആകർഷകമായ വിലയിൽ ഉൽപ്പന്നങ്ങളുടെ വിപുലമായ ശ്രേണി, ഫ്ലിപ്പ്കാർട്ട് ബ്രാൻഡിന്റെ വിശ്വാസം, നൂതനവും ഉപഭോക്തൃസൗഹൃദവുമായ വോയ്സ്ഇമേജ് സെർച്ച് ഓപ്ഷൻസ്, പ്രാദേശിക ഭാഷാ ഇന്റർഫേസ്, ഏറ്റവും പ്രധാനമായി എ ഐ ചാറ്റ്ബോട്ടുകൾ എന്നിവ ഈ മാറ്റത്തിലേക്ക് ആക്കം കൂട്ടുന്നതിൽ പ്രധാന പങ്കുവഹിച്ചു.ഷാപ്സിയിൽ, താങ്ങാനാവുന്ന വിലയിൽ ഒറ്റ സ്പർശത്തിൽ എണ്ണമറ്റ സാധനങ്ങൾ ലഭ്യമാകും.തുടക്കം മുതൽ മികച്ച വിപുലീകരണങ്ങൾ നടത്തുക എന്നത് ഷോപ്പ്സി ടീമിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപെട്ടതാണ്, അതുകൊ് തന്നെ ഈ വളർച്ച ഉപഭോക്താക്കളുടെ വികസിച്ചുകൊിരിക്കുന്ന ആവശ്യങ്ങൾക്ക് അനുസൃതമായി ഇനിയും വളരാൻ തങ്ങളുടെ പ്രചോദനമാണെന്നും കപിൽ തിരാണി പറഞ്ഞു.

# പാപ്പിലിയോ ബ്രാന്റ് ഖാദി വസ്ത്രങ്ങൾ ഓൺലൈൻ വിപണികളിലും ലഭ്യമാക്കും : മന്ത്രി പി രാജീവ്

**കൊച്ചി:** കുന്നുകര ഖാദി റെഡിമെയ്ഡ് യൂണിറ്റിൽ ഉൽപ്പാദിപ്പിക്കുന്ന വസ്ത്രങ്ങൾക്ക് ഓൺലൈൻ വിപണികളിലും വിൽപ്പന സാധ്യത ഒരുക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്. ഇതിന്റെ ഭാഗമായി ഓൺലൈൻ വിൽപന പ്ലാറ്റ്ഫോം ഫ് ളിപ്കാർട്ടിലൂടെ വിപണിയലേക്ക് എത്തിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.കുന്നുകര ഖാദി റെഡിമെയ്ഡ് യൂണിറ്റിൽ ഉൽപ്പാദിപ്പിക്കുന്ന വസ്ത്രങ്ങൾ 'പാപ്പിലിയോ ' എന്ന ബ്രാന്റ് നെയിമിൽ വിപണിയിലേക്ക് എത്തിക്കുന്നതിന്റെ ഉദ്ഘാടനം കുന്നുകര അഹ്ന ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.വലിയ മാറ്റത്തിന്റെ പാതയിലൂടെയാണ് ഖാദി വ്യവസായ മേഖല കടന്നു പോകുന്നത്. 150 കോടിയുടെ വിപണി ലക്ഷ്യമാക്കി നൂതന രീതിയിലുള്ള ഉൽപ്പന്നങ്ങൾ ഇറക്കാൻ ഒരുങ്ങുകയാണ് ഖാദി വ്യവസായ ബോർഡ്. കഴിഞ്ഞ ഒക്ടോബറിലാണ് കുന്നുകരയിൽ ഖാദി റെഡിമെയ്ഡ് യൂണിറ്റിന് തുടക്കമായത്. മാസങ്ങൾക്ക് അകം ഇവിടെനിന്ന് പുതിയ ബ്രാന്റ് നെയിമിൽ വസ്ത്രങ്ങൾ വിപണിയിലേക്ക് എത്തിക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. കുന്നുകരയിലെ ഉൽപാദന യൂണിറ്റിനോട് ചേർന്ന് പുതിയ ഔട്ട്ലെറ്റും നിർമ്മിക്കും. ഉൽപ്പന്നങ്ങൾക്ക് വിപണി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.ഇത്തരം വ്യവസായ സംരംഭങ്ങളിലൂടെ കൂടുതൽ ആളുകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് സാധ്യമാകും. കരുമാലൂരിൽ ഖാദി നിർമ്മാണ യൂണിറ്റിനായി ഒരു കോടി രൂപ വകയിരുത്തി കെട്ടിടം നിർമ്മിക്കും. ഇവിടെ നിന്നും പ്രിന്റഡ് ഖാദി സിൽക്ക് സാരികൾ വിപണിയിലേക്കിറക്കും. കോട്ടപ്പുറം കൈത്തറി യൂണിറ്റിനായി പുതിയ പദ്ധതി ആവിഷ്കരിക്കും.കൃഷിക്ക് ഒപ്പം കളമശ്ശേരി പദ്ധതിയുടെ ഭാഗമായി കർഷകസംഘങ്ങൾ വഴി കപ്പ , ഏത്തക്കായ തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സ്കൈ പദ്ധതി പ്രകാരം തൊഴിൽരഹിതരായ ബികോം ബിരുദധാരികളായ വീട്ടമ്മമാർക്ക് തൊഴിൽ നൽകുന്നതിനുള്ള പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായുള്ള പരിശീലനങ്ങൾക്ക് തുടക്കമായിട്ടുണ്ട്. മണ്ഡലത്തിലെ 150 ഐ.ടി. ഐ ബിരുദധാരികൾക്ക് വിവിധ കമ്പനികളിൽ ജോലി നൽകാൻ കഴിഞ്ഞുവെന്നും മന്ത്രി പറഞ്ഞു.കുന്നുകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൈന ബാബുവിന് ഉത്പന്നം നൽകിക്കൊണ്ട് പാപ്പിലിയോയുടെ ആദ്യ വില്പന മന്ത്രി നിർവഹിച്ചു.ചടങ്ങിൽ ഖാദി ബോർഡ് വൈസ് ചെയർമാൻ പി. ജയരാജൻ അധ്യക്ഷത വഹിച്ചു. കുന്നുകര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.എ അബ്ദുൽ ജബ്ബാർ, ബ്ലോക്ക് പഞ്ചായത്ത് അംഗം സി.എം വർഗീസ്, ഖാദി ബോർഡ് സെക്രട്ടറി ഡോ. കെ. എ രതീഷ്, ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർപേഴ്സൺ സോണി കോമത്ത്, ഖാദി ബോർഡ് മെമ്പർ കെ.ചന്ദ്രശേഖരൻ, ഗ്രാമ വ്യവസായം ഖാദി ബോർഡ് ഡയറക്ടർ മേരി വിർജിൻ, ഖാദി ഗ്രാമ വ്യവസായ ഓഫീസ് ജില്ലാ പ്രോജക്ട് ഓഫീസർ പി. എ അഷിത തുടങ്ങിയവർ പങ്കെടുത്തു.



# കിറ്റ്സിൽ എം.ബി.എ: സ്പോട്ട് അഡ്മിഷൻ

KITTS
Kerala Institute of Tourism & Travel Studies

**കൊച്ചി:**സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം) 2023-25 ബാച്ചിൽ ഒഴിവുള്ള സീറ്റിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടു കൂടിയ ഡിഗ്രിയും, KMAT/CMAT/CAT യോഗ്യതയും ഉള്ളവർക്കും, അവസാന വർഷ ഡിഗ്രി വിദ്യാർഥികൾക്കും പങ്കെടുക്കാം. വിദ്യാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി തിരുവനന്തപുരം തൈയ്ക്കാടുള്ള കിറ്റ്സിന്റെ ഓഫീസിൽ ജൂലൈ 14 ന് രാവിലെ 10ന് നേരിട്ട് ഹാജരാകണം. ജർമ്മൻ, ഫ്രഞ്ച് ഭാഷകൾ പഠിക്കാൻ അവസരമുള്ളതിന് പുറമെ പ്ലെയിസ്മെന്റ് സൗകര്യവും നൽകുന്നുണ്ട്. കൂടൂതൽ വിവരങ്ങൾക്ക്: **www.kittsedu.org.** 9446529467/ 9847273135/ 04712327707.

# അന്താരാഷ്ട്ര ജാവാ യെസ്ഡി ദിനാഘോഷം സംഘടിപ്പിച്ചു



**കൊച്ചി:** രാജ്യമെമ്പാടുമുള്ള നഗരങ്ങളിൽ വൻ പങ്കാളിത്തത്തോടെ അന്താരാഷ്ട്ര ജാവാ യെസ്ഡി ദിനത്തിന്റെ 21ാമത് പതിപ്പ് ആഘോഷിച്ചു. വിവിധ സ്ഥലങ്ങളിലായി പതിനായിരത്തിലേറെ മോട്ടോർ സൈക്കിൾ പ്രേമികളും, വിന്റേജ് ബൈക്ക് പ്രേമികളും ആഘോഷത്തിന്റെ ഭാഗമായി. ബംഗളൂരു, ഡൽഹി എൻസിആർ, കൊച്ചി, പൂനെ, ചെന്നൈ, ജയ്പൂർ തുടങ്ങിയ നഗരങ്ങളിലായിരുന്നു വിപുലമായ ആഘോഷങ്ങൾ. വിവിധ മോട്ടോർസൈക്കിൾ ക്ലബ്ബുകളുടെയും കമ്മ്യൂണിറ്റികളുടെയും പിന്തുണയോടെ, ജാവയെസ്ഡി മോട്ടോർസൈക്കിൾ ഉടമകളാണ് പതിറ്റാണ്ടുകളായി റൈഡർമാരുടെ ഹൃദയം കവർന്ന ഈ മോട്ടോർസൈക്കിളുകളോടുള്ള തങ്ങളുടെ സ്നേഹം പങ്കുവെക്കുന്നതിനായി അന്തർദേശീയ ജാവയെസ്ഡി ദിനാഘോഷം സംഘടിപ്പിക്കുന്നത്. വിന്റേജ് മോട്ടോർസൈക്കിൾ എക്സിബിഷനുകൾ, ഗ്രൂപ്പ് റൈഡുകൾ, സാങ്കേതിക ശിൽപ്പശാലകൾ, വ്യവസായ വിദഗ്ധരുമായി സംവാദ സെഷനുകൾ തുടങ്ങിയവ ഒത്തുചേരലിനെ കൂടുതൽ ആകർഷകമാക്കി. ജാവയെസ്ഡിയെ കുറിച്ചുള്ള തങ്ങളുടെ അവിസ്മരണീയമായ അനുഭവങ്ങളും ഒത്തുകൂടിയവർ പങ്കുവച്ചു. എല്ലാ പ്രായത്തിലുമുള്ള റൈഡർമാരുടെയും പങ്കാളിത്തമായിരുന്നു ആഘോഷങ്ങളിലെ മറ്റൊരു സവിശേഷത. വിന്റേജ് ജാവ, യെസ്ഡി മോട്ടോർസൈക്കിളുകളും ചടങ്ങുകളിൽ പ്രദർശിപ്പിച്ചു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS | TRUSTED since 2007 | 15 YEAR GUARANTEE | 100% CUSTOMER SATISFACTION GUARANTEED | CERTIFIED ISO 9001 | LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+ 91 9288022663